
www.malankaralibrary.com

# ഭാരതത്തിന്റെ അപ്പസ്തോലൻ




ഫാ. മരിയദാസ് പാലാട്ടി OFMConv.

www.malankaralibrary.com

# ഭാരതത്തിന്റെ അപ്പസ്തോലൻ

ഫാ. മരിയദാസ് പാലാട്ടി OFMConv.

GREYFRIARS PUBLICATIONS
*Series No. 63*

www.malankaralibrary.com

# BHARATHATHINTE APASTHOLAN
(Malayalam)

By
Fr. Mariadas Palatty OFMConv.
E-mail: *frmariadas@gmail.com*

First Pubblished: June 2017
Copies 1000

Published
GREYFRIARS PUBLICATIONS

Printed at
DIVINE PRINTINGS
MURINGOOR, KERALA, INDIA

Price Rs. 25.00

Copyright:
GREYFRIARS PUBLICATIONS

Cover Design: Manu S.
Type setting: Bindhu Satyan

GREYFRIARS PUBLICATIONS *is an activity of the Franciscan Order of Friars Minor Conventual, India, to promote the spirituality of St. Francis of Assisi and his message of universal brotherhood, peace, justice, safeguarding of creation and defense of human life through the Mass Media.*

GREYFRIARS PUBLICATIONS
Conventual Franciscan Friars
Assisi Shanthi Kendra, Karukutty - 683 576
Ernakulam Dt., Kerala, INDIA
Tel: (0091 484) 2613449, Fax: (0091 484) 2613463
E-mail: conventualsindia@gmail.com, Web: www.conventualsindia.org

www.malankaralibrary.com

# അവതാരിക



"അറിവും സംശയവും ഇരട്ട പിറന്ന മക്കളാണ്" എന്ന മാർട്ടിൻ ലൂതറിന്റെ പ്രസ്താവനയിൽ സത്യമുണ്ട്. അറിഞ്ഞതിനപ്പുറം ഗ്രഹിക്കാനുള്ള അഭിവാഞ്ഛ ഉണർത്തുന്ന സംശയമാണ്. നമ്മുടെ വിശ്വാസത്തിന്റെ പിതാവായ തോമാശ്ലീഹായെ സംശയാലുവായി കരുതുന്ന പാരമ്പര്യമാണ് പൊതുവെ നാം സ്വീകരിച്ചിട്ടുള്ളത്. കണ്ടാലും കേട്ടാലും പോരാ, തൊട്ടു വിശ്വസിക്കുക തന്നെ വേണം എന്ന പ്രസ്താവനയെ സംശയമായി കരുതുന്നതിൽ കുറ്റം പറയാനാവില്ല. തോമാശ്ലീഹായുടെ പ്രസ്താവനയെ സംശയത്തെക്കാളുപരി ഈശോയെ വ്യക്തിപരമായി കാണാനും അറിയാനും അനുഭവിക്കാനുമുള്ള ആഗ്രഹമാണ് പ്രതിഫലിപ്പിക്കുന്നത്. ഉത്ഥിതനെ കാണാത്തവൻ അപ്പസ്തോലസ്ഥാനത്തിന് അർഹനല്ല എന്നു കൂടി അറിയുമ്പോൾ (1 കോറി. 9:1) ഈ സംശയത്തെ തോമാശ്ലീഹായുടെ അവകാശമായി ന്യായീകരിക്കാവുന്നതാണ്.

ഭാരതത്തിന്റെ അപ്പസ്തോലൻ എന്ന പേരിൽ രചിക്കപ്പെട്ടിരിക്കുന്ന ഈ ചെറുഗ്രന്ഥം നമുക്ക് വിശ്വാസം പകർന്നു നൽകിയ വിശുദ്ധ തോമാശ്ലീഹായെക്കുറിച്ചുള്ള എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്നു. തോമാശ്ലീഹായുടെ പേരിന്റെ അർത്ഥം മുതൽ കേരളത്തിൽ എന്തുകൊണ്ടാണ് ചരിത്രരേഖകൾ ഇല്ലാതെ പോയത് എന്ന അന്വേഷണം വരെ നീളുന്ന ഈ പുസ്തകം ശ്രദ്ധാപൂർവ്വമായ ഒരു പഠനത്തിൽനിന്നും രൂപപ്പെട്ടിരിക്കുന്നതാണ് എന്ന് നിസ്സംശയം പറയാവുന്നതാണ്.

നമുക്ക് വിശ്വാസം പകർന്നു നൽകിയ പിതാവിനെക്കുറിച്ചുള്ള അറിവ് മാത്രമല്ല, ചരിത്രം ഉറങ്ങുന്ന നമ്മുടെ പൈതൃകത്തെ മനസ്സിലാക്കി വിശ്വാസവഴിയിൽ മുന്നേറുവാനും ഈ പുസ്തകം സഹായകരമാണ്. വിശ്വാസവഴിയിലെ ഇന്നലെകളെ തിരിച്ചറിയാനുള്ള വാതിൽ. ഇന്നലെകളില്ലാതെ ഇന്നില്ല. ചരിത്രത്തിലെ അവിസ്മരണീയമായ തീയതികൾ, സ്വഭാവങ്ങൾ, സ്ഥല-വ്യക്തി നാമങ്ങൾ എന്നിവ അറിഞ്ഞിട്ട് എന്താണ് ഫലം എന്ന് പലപ്പോഴും

www.malankaralibrary.com

തോന്നിയിട്ടുണ്ടാവാം. ഇന്നത്തെ അവസ്ഥയിൽനിന്ന് നാളത്തെ അഭിവൃദ്ധിയിലേക്ക് നമ്മെ നയിക്കുന്നത് ഇന്നലെകളുടെ ചരിത്രവും പാരമ്പര്യവുമാണ്. പാരമ്പര്യത്തെക്കുറിച്ച് അറിയുന്നത് പാരമ്പര്യത്തിൽ അടിയുറച്ചു വളരുവാൻ സഹായിക്കുന്നു. ഈ പുസ്തകം കേരള നസ്രാണിയുടെ വിശ്വാസപാരമ്പര്യത്തെക്കുറിച്ചുള്ള ഗഹനമായ അറിവാണ്. നമുക്ക് വിശ്വാസം പകർന്നു തന്ന പിതാവിനെക്കുറിച്ചും, അദ്ദേഹം ക്രിസ്തുശില്പം കേരളീയരുടെ മനസ്സിൽ കടഞ്ഞെടുക്കുന്നതിന് സഹിച്ച പീഡകളെക്കുറിച്ചുമുള്ള ധ്യാനാത്മകമായ ചിന്തയും വിശ്വാസവഴിയിൽ നീങ്ങാൻ പ്രചോദനമാകട്ടെ.

ഫാ. ലെയോ പയ്യപ്പിള്ളി OFMConv.

മിനിസ്റ്റർ പ്രൊവിൻഷ്യാൾ

www.malankaralibrary.com


# ഭാരതത്തിന്റെ അപ്പസ്തോലൻ

മിശിഹായുടെ ഊർജ്ജസ്വലനായ ശിഷ്യൻ എന്നാണ് തോമാശ്ലീഹാ ചരിത്രത്തിൽ അറിയപ്പെടുന്നത്. വിശ്വാസത്തിന്റെ വചനം വി. തോമസ് അനേക സ്ഥലങ്ങളിൽ പകർന്നു കൊടുത്തു. കൽദായ സഭ, സെലൂഷ്യ ടെസിഫോൺ സഭ, പേർഷ്യൻ സഭ, ഇന്ത്യയിലെ മാർതോമാ നസ്രാണികളുടെ സഭ തുടങ്ങിയവയെല്ലാം തോമായുടെ പൈതൃകം പൊതുവായി അവകാശപ്പെടുന്നവരാണ്. നമുക്ക് വിശ്വാസം പകർന്നു നൽകുവാൻ സ്വജീവിതം ബലികഴിച്ച വിശുദ്ധ തോമാശ്ലീഹായുടെ ത്യാഗോജ്ജ്വലമായ ജീവിതത്തെക്കുറിച്ചുള്ള ജ്ഞാനം വിശ്വാസജീവിതത്തിൽ മുന്നേറാൻ നമുക്ക് പ്രചോദനമാണ്.

## 1. 'തോമസ്' എന്ന പേര്

തോമസ് ഗലീലിയിൽ നിന്നുള്ള മീൻപിടുത്തക്കാരനായിരുന്നു. എവിടെയാണ് ജനിച്ചു വളർന്നതെന്നു കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ആദ്യത്തെ മൂന്നു സുവിശേഷങ്ങളിലും തോമായെപ്പറ്റി കാര്യമായി പറയുന്നില്ല. ശ്ലീഹന്മാരുടെ പട്ടികയിൽ അവന്റെ പേരുണ്ടെന്നു മാത്രം. വിശുദ്ധ യോഹന്നനാണ് തോമായെക്കുറിച്ച് കൂടുതലായി പ്രതിപാദിക്കുന്നത്. യോഹന്നാൻ തോമാശ്ലീഹായെ തോമാ അല്ലെങ്കിൽ ദിദിമോസ് എന്ന തോമസ് എന്നാണ് വിളിക്കുന്നത്. തോമാ എന്ന് ഹീബ്രു പേരിലും ദിദിമോസ് എന്ന് ഗ്രീക്ക് പേരിലും ഈ അപ്പസ്തോലൻ അറിയപ്പെടുന്നു. ഇരട്ട എന്നാണ് ഈ രണ്ടു പേരുകളുടെയും അർത്ഥം. ആരുടെ ഇരട്ടയായി പിറന്നവൻ എന്ന കാര്യത്തിൽ എഴുത്തുകാർക്കിടയിൽ അഭിപ്രായ ഐക്യമില്ല. യോഹന്നാൻ ശ്ലീഹാ ഈ പദം ഉപയോഗിക്കുമ്പോൾ ഇരട്ട പിറന്നവൻ എന്നതിനേക്കാൾ ഇരട്ട സ്വഭാവമുള്ളവൻ എന്ന അർത്ഥത്തിലാണ് രണ്ടു പേരുകളും ചേർത്തുപയോഗിച്ചിരിക്കുന്ന

www.malankaralibrary.com



തെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ചുരുങ്ങിയ വാക്കുകൾ കൊണ്ട് ആഴമേറിയ അർത്ഥങ്ങൾ പ്രയോഗിക്കുന്ന രീതിയാണ് വി. യോഹന്നാൻ ശ്ലീഹായുടേത്. അങ്ങനെയെങ്കിൽ ഒരേ അർത്ഥത്തിലുള്ള ഈ രണ്ടുപേരുകളും ചേർത്തുപയോഗിക്കുന്നത് ചില സത്യങ്ങൾ സൂചിപ്പിക്കുവാനാണത്രേ. സംശയക്കാരനും, വിശ്വാസിയും, ദോഷൈകദൃക്കുമായി പ്രത്യക്ഷത്തിൽ കാണപ്പെടുന്ന തോമായുടെ സ്വഭാവത്തിന് ഒരു മറുവശമുണ്ടെന്ന സൂചന ഈ ഇരട്ട പേരിന്റെ പ്രയോഗത്തിൽ അടങ്ങിയിരിക്കുന്നു.

ഒറ്റപ്പെട്ട ചില എതിർ അഭിപ്രായങ്ങളും കാണുന്നുണ്ട്. പ്ലമറിന്റെ അഭിപ്രായത്തിൽ തോമസ്, ചുങ്കക്കാരൻ മത്തായിയുടെ ഇരട്ട പിറന്ന സഹോദരനാണ്. 'തോമായുടെ നടപടി'യിൽ യൂദാതോമാ എന്നാണ് ഉപയോഗിച്ചിരുന്നത്. 'യേശുവിന്റെ ഇരട്ട പിറന്നവൻ' എന്ന വിശേഷണവും കാണുന്നുണ്ട്. തോമസിനോടുള്ള ആഴമായ ആദരവിൽ നിന്നും ഉടലെടുത്ത പ്രയോഗമായി ഈ പ്രസ്താവന എല്ലാ ദൈവശാസ്ത്രജ്ഞന്മാരും കാണുന്നു.

## 2. സുവിശേഷങ്ങളിലെ തോമസ്

സമാന്തര സുവിശേഷങ്ങൾ തോമായുടെ പേര് മാത്രം പറഞ്ഞു പോകുമ്പോൾ യോഹന്നാൻ ശ്ലീഹായാണ് തോമായുടെ ജീവിതത്തിലേക്ക് പ്രകാശം വീശുന്ന വിവരങ്ങൾ നല്കിയിരിക്കുന്നത്. മൂന്നിടത്താണ് പ്രത്യുത ഗ്രന്ഥം വി. തോമസിനെ പ്രതിപാദിക്കുന്നത്. അവ താഴെ പറയുന്നവയാണ്:

### 2.1. അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം (യോഹ. 11:16)

ലാസർ മരിച്ചു കഴിഞ്ഞപ്പോൾ ഈശോ യൂദായിലേക്ക് പോകാൻ നിശ്ചയിച്ചു. എന്നാൽ ശിഷ്യന്മാർ ഈശോയെ തടഞ്ഞു കൊണ്ട്, യഹൂദർ അവിടുത്തെ കൊല്ലാൻ അന്വേഷിക്കുകയാണെന്നും അതിനാൽ അവിടേക്ക് പോകരുതെന്നും അപേക്ഷിച്ചു. എങ്കിലും അവിടുന്ന് പോകാൻ തന്നെ തീർച്ചയാക്കി. സംഗതിയുടെ ദോഷവശങ്ങൾ എപ്പോഴും കാണാൻ കഴിവുള്ള തോമായ്ക്ക് ആ

www.malankaralibrary.com



തീരുമാനത്തിന്റെ ഫലം എന്തായിരിക്കുമെന്ന് ഊഹിക്കാൻ ഒരു പ്രയാസവുമുണ്ടായില്ല. അപകടം എന്നല്ല, മരണം തന്നെ പതിയിരിക്കുന്ന ഇടത്തിലേക്കാണ് അവിടുന്ന് പോകുന്നതെന്ന് തോമസിന് ഉറപ്പുണ്ടായിരുന്നു. ആ സാഹചര്യത്തിൽ മറ്റു ശിഷ്യന്മാർ മടിച്ചു നിന്നപ്പോൾ തോമസാണ് അവർക്ക് ധൈര്യം കൊടുത്തുകൊണ്ട് ഈശോയെ പിഞ്ചെല്ലാൻ അവരെ പ്രേരിപ്പിക്കുന്നത്. ഈശോയുടെ ദൗത്യത്തെക്കുറിച്ച് വ്യക്തമായി അറിയില്ലെങ്കിലും ഗുരുവിനോട് വിശ്വസ്തനും ഭക്തനുമായിരുന്നു തോമസ്. "അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം" (യോഹ. 11:16) എന്ന പ്രസ്താവന അദ്ദേഹത്തിന്റെ ധൈര്യത്തെയും ആത്മസമർപ്പണത്തെയും വെളിവാക്കുന്നതാണ്. മരണത്തെ മുഖാഭിമുഖം കണ്ടപ്പോൾ ഗുരുവിനോടൊപ്പം മരിക്കുവാനാണ് ഗുരുവില്ലാതെ ജീവിക്കുന്നതിനേക്കാൾ അദ്ദേഹം ഇഷ്ടപ്പെട്ടത്.

വി. ക്രിസോസ്റ്റോമും, വി. അഗസ്റ്റിനും രണ്ടു തരത്തിലാണ് ഈ പ്രസ്താവന വിവരിക്കുന്നത്. വി. ക്രിസോസ്റ്റോമിന്റെ അഭിപ്രായത്തിൽ, ശിഷ്യന്മാർ യഹൂദരെ ഭയന്നിരുന്നു. മറ്റു ശിഷ്യന്മാരെക്കാൾ കൂടുതൽ തോമസ് ഭയന്നിരിക്കാം. ഈ ആത്മവിശ്വാസക്കുറവുകൊണ്ടായിരിക്കാം 'അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം' എന്ന് പറഞ്ഞത്. എന്നാൽ തോമസ് പിന്നീട് തന്റെ കുറവിനെ തിരിച്ചറിയുകയും യേശുവിനോടുള്ള വിശ്വാസം ആർജ്ജിക്കുകയും ചെയ്തിരുന്നു. വി. അഗസ്റ്റിന്റെ അഭിപ്രായത്തിൽ, തോമസ് യേശുവിനെ അത്രമാത്രം സ്നേഹിച്ചിരുന്നതുകൊണ്ട് ജീവിക്കുന്നെങ്കിൽ അവനോടുകൂടെ ജീവിക്കാം, മരിക്കുന്നുവെങ്കിൽ അവനോടു കൂടെ മരിക്കാം എന്ന് തീരുമാനിച്ചിരുന്നു.

### 2.2. വഴി എങ്ങനെ അറിയും (യോഹ. 14:5)

വീണ്ടും തോമാശ്ലീഹായെ യോഹന്നാൻ സുവിശേഷകൻ അവതരിപ്പിക്കുന്നത് അന്ത്യ അത്താഴവേളയിലാണ് (യോഹ. 14: 4-6). ഈശോയുടെ വാക്കുകളെ മനസ്സിലാക്കുവാൻ തോമസ് പരാജയപ്പെടുന്നതാണ് ഇവിടെ കാണുന്നത്. "ഞാൻ പോകുന്നിടത്തേക്കുള്ള വഴി നിങ്ങൾക്ക് അറിയാം" (14:4) എന്ന് ഈശോ

www.malankaralibrary.com


പറഞ്ഞപ്പോൾ തന്റെ അജ്ഞത വെളിപ്പെടുത്തികൊണ്ട് "കർത്താവേ, നീ എവിടേക്ക് പോകുന്നുവെന്ന് ഞങ്ങൾ ക്കറിഞ്ഞുകൂടാ. പിന്നെ വഴിയെങ്ങനെ അറിയും?" (യോഹ. 14:5) എന്നദ്ദേഹം ചോദിക്കുന്നു. അനുഗമിക്കുവാൻ സാധിക്കാത്ത വഴി തങ്ങൾക്കറിയാമെന്നവൻ പറയുന്നതെങ്ങനെ എന്നാവാം അദ്ദേഹത്തിന്റെ ചോദ്യത്തിന്റെ അർത്ഥം. കാര്യങ്ങൾ വ്യക്തമായി പറയുന്ന ഒരു തീക്ഷ്ണമതിയെ ഈ വരികൾക്കിടയിൽ കണ്ടെത്താനാകുമെന്ന് പലരും അഭിപ്രായപ്പെടുന്നു. സംശയക്കാരനായ തോമായുടെ സ്വഭാവത്തിൽ സത്യം അറിയാനുള്ള ആഗ്രഹവും നിശ്ചയദാർഢ്യവും ശുഭപ്രതീക്ഷയും നിറഞ്ഞു നിൽക്കുന്നതായി നമുക്ക് കാണാം. തോമസിന്റെ ചോദ്യം അതുവരെ വെളിപ്പെടുത്താതിരുന്ന ഒരു വലിയ സത്യത്തിന്റെ ചുരുളഴിക്കാൻ ഈശോയെ സഹായിച്ചു. 'വഴിയും, സത്യവും, ജീവനും ഞാനാകുന്നു' എന്നരുളിച്ചെയ്തുകൊണ്ട് നിഗൂഢമായ ആ സത്യം ഈശോ വെളിപ്പെടുത്തി.

### 2.3. എന്റെ കർത്താവേ, എന്റെ ദൈവമേ! (യോഹ. 20:28)

ഈശോ ഉത്ഥാനാനന്തരം ആദ്യം ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുമ്പോൾ തോമസ് അവരോടുകൂടെ ഉണ്ടായിരുന്നില്ല. മറ്റു ശിഷ്യന്മാർ യഹൂദരെ ഭയന്ന് അകത്തിരുന്നപ്പോൾ തോമസ് യഹൂദർക്കിടയിൽകൂടി നിർഭയം സഞ്ചരിച്ചു എന്നതാണ് ഇത് വ്യക്തമാക്കുന്നത്. തനിക്ക് ഉത്ഥാനാനുഭവം നിഷേധിക്കപ്പെട്ടപ്പോൾ "അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല" എന്ന് വാശി പിടിച്ചു. ശ്ലീഹായുടെ ഈ നിലപാട് അവൻ ഒരു അവിശ്വാസിയായി മുദ്രയടിക്കപ്പെടുവാൻ കാരണമായി. 'പ്രത്യക്ഷികരണം' ശ്ലീഹാ എന്ന നിലയിൽ തന്റെ അവകാശമാണെന്ന ബോധ്യമാകാം ശ്ലീഹായെ ഈ നിലപാടിലേക്ക് നയിച്ചത്. അവിശ്വാസത്തേക്കാൾ സ്നേഹപൂർവ്വമായ ഒരു നിർബന്ധബുദ്ധിയായിരുന്നു അത്. ഉത്ഥിതനായ മിശിഹായെ ദർശിക്കാനുള്ള തീക്ഷ്ണമായ അഭിലാഷത്തിന്റെ പ്രകടനമാണ് ഈ വാക്കുകൾ.

www.malankaralibrary.com


എട്ടു ദിവസങ്ങൾക്കുശേഷം ഈശോ വീണ്ടും പ്രത്യക്ഷപ്പെടുകയും തോമസിന്റെ ആഗ്രഹം സാധിച്ചു കൊടുക്കുകയും ചെയ്യുന്നു. ഈശോ പ്രത്യക്ഷപ്പെടുമ്പോൾ തോമാ ഈശോയെ പരീക്ഷിച്ചറിയാനല്ല ശ്രമിക്കുന്നത്. മറിച്ച്, "എന്റെ കർത്താവേ, എന്റെ ദൈവമേ!", എന്ന് ഏറ്റുപറഞ്ഞുകൊണ്ട് തന്റെ വിശ്വാസം പ്രഘോഷിക്കുകയാണ്. ഈശോയുടെ ദൈവത്വത്തെ പരസ്യമായി ഏറ്റുപറയുന്ന വചനഭാഗമാണിത്. മിശിഹായിൽ വിശ്വസിക്കുന്ന ഒരു വിശ്വാസിയുടെ വിശ്വാസപ്രഘോഷണത്തിന്റെ സംക്ഷിപ്ത രൂപമായിട്ടാണ് ഈ വചനത്തെ കണക്കാക്കുന്നത്.

മഹാനായ ഗ്രിഗറി ഈ വാക്കുകളെക്കുറിച്ച് പറയുന്നത് ശ്രദ്ധേയമാണ്. "മിശിഹായുടെ ഉത്ഥാനത്തിലുള്ള വിശ്വാസത്തിലേക്ക് ശ്ലീഹന്മാർ സാവധാനമാണ് കടന്നു വരുന്നത്. അത് അവരുടെ വിശ്വാസത്തിന്റെ ബലഹീനത മൂലമായിരുന്നില്ല. നമ്മുടെ വിശ്വാസത്തെ ബലവത്താക്കുന്നതിനുവേണ്ടിയായിരുന്നു. അവർ അല്പസമയം അവിശ്വസിച്ചതുകൊണ്ട് ഉത്ഥാനം തെളിയിക്കപ്പെട്ടു. മഗ്ദലനമറിയം ഉത്ഥിതനെ കണ്ടയുടനെ വിശ്വസിച്ചവളാണ്. കാണാതെ വിശ്വസിക്കില്ലെന്ന് വാശിപിടിച്ചവനാണ് തോമാ. മഗ്ദലനമറിയത്തെക്കാൾ തോമായാണ് നമ്മുടെ വിശ്വാസം ദൃഢമാക്കാൻ സഹായിച്ചത്. തോമാ, മിശിഹായുടെ തിരുമുറിവിൽ സ്പർശിച്ചതുമൂലം നമ്മുടെ ഉള്ളിലെ സംശയത്തിന്റെ മുറിവുകൾ സുഖപ്പെട്ടു.

വി. ഹിലാരിയുടെ അഭിപ്രായത്തിൽ; "തന്റെ വിശ്വാസ പ്രഖ്യാപനത്തിലൂടെ മിശിഹാ ദൈവമാണെന്ന് തോമാ ഏറ്റുപറഞ്ഞു. ദൈവിക വ്യക്തികളിലുള്ള ഐക്യത്തിന് ഒട്ടും ഹാനി വരുത്താതെ മിശിഹായുടെ ദൈവസ്വഭാവം 'എന്റെ കർത്താവേ, എന്റെ ദൈവമേ!' എന്ന വിശ്വാസപ്രഖ്യാപനത്തിലൂടെ തോമാ വ്യക്തമാക്കി." ടൂറിനിലെ മാക്സിമൂസിന്റെ വാക്കുകളിൽ: "മിശിഹായുടെ മുറിവുകൾ പരിശോധിച്ച് അതിൽ സ്പർശിച്ച് അവിടുത്തേക്ക് യഥാർത്ഥ ശരീരമുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നവനാണ് തോമാ. അവന്റെ ദർശനവും സ്പർശനവും വഴി അവൻ നമ്മെ വിശ്വാസത്തിലുറപ്പിച്ചു."

www.malankaralibrary.com


## 3. മാർത്തോമാ മാർഗ്ഗം

മാർത്തോമാ മാർഗ്ഗം എന്ന് എപ്പോഴും പറഞ്ഞു കേൾക്കുന്ന പ്രയോഗമാണ്. എന്താണ് വിശുദ്ധ തോമാശ്ലീഹായുടെ മാർഗ്ഗമെന്ന് അന്വേഷിക്കുന്നത് അവന്റെ മാർഗ്ഗത്തിൽ ചരിക്കുന്നതിന് സഹായകരമാകും. 'മാർഗ്ഗം' എന്നാൽ വഴിയെന്നർത്ഥം. 'മാർഗ്ഗവാസികൾ' എന്നാൽ 'മാർഗ്ഗത്തിൽ അഥവാ വഴിയിൽ ചരിക്കുന്നവർ' എന്നർത്ഥം.

എന്താണ് വിശുദ്ധ തോമാശ്ലീഹായുടെ മാർഗ്ഗം? ജനം ഗുരുനാഥനെ കല്ലെറിയാൻ അവസരം പാർത്തിരിക്കുമ്പോൾ മരിച്ച ലാസറിനെ കാണാൻ യേശു പോകുന്നു. അപകടത്തിലേക്കാണ് യേശു നീങ്ങുന്നത് എന്നറിഞ്ഞിട്ടും തോമസ് മറ്റു ശിഷ്യന്മാർക്ക് ധൈര്യം പകർന്നുകൊണ്ട് പറഞ്ഞു: "അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം" (യോഹ. 11:16). തോമസിന്റെ മാർഗ്ഗം സത്യത്തിനും നീതിയ്ക്കുംവേണ്ടി ഗുരുവിനോടൊത്ത് മരിക്കാനുള്ള മാർഗ്ഗമാണ്. മാർത്തോമാ മാർഗ്ഗമെന്നത് വിശ്വാസവഴിയിൽ എന്തൊക്കെ പ്രതിസന്ധികളുണ്ടായാലും യേശുവിനോടൊത്ത് ധൈര്യമായി മുന്നേറുക എന്നതാണ്.

## 4. തോമാശ്ലീഹായുടെ പ്രവർത്തനങ്ങൾ അറിയുവാനുള്ള മാർഗ്ഗങ്ങൾ

വി. തോമസിന്റെ ഭാരതത്തിലെ പ്രവർത്തനങ്ങളെപ്പറ്റി മനസ്സിലാക്കുവാൻ പ്രാദേശികമായി നമുക്ക് ലഭിച്ചിരിക്കുന്ന പാരമ്പര്യങ്ങളും, വി. തോമാശ്ലീഹായുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിവരിക്കുന്ന 'യൂദാതോമായുടെ നടപടികൾ' എന്ന് ഐതിഹ്യരൂപേണ രചിച്ചിരിക്കുന്ന കൃതിയും, വി. തോമാശ്ലീഹായുടെ പ്രവർത്തനങ്ങളെ വർണ്ണിക്കുന്ന നമ്മുടെ നാട്ടിൽ രൂപം കൊണ്ട റമ്പാൻ പാട്ടും, മാർഗ്ഗം കളിപ്പാട്ടും, വീരാടിയാൻ പാട്ടുകളും സഹായകരമാണ്. ഇവയെക്കുറിച്ചുള്ള അറിവ് തോമസ് എന്ന ചരിത്രപുരുഷനിലേക്കുള്ള അറിവിന്റെ വാതിലാണ്.

www.malankaralibrary.com


## 4.1. പ്രാദേശിക പാരമ്പര്യം

ഭാരത ക്രൈസ്തവരുടെ ഇടയിൽ ഒന്നാം നൂറ്റാണ്ടുമുതൽ നിലനിന്നിരുന്ന നിരവധി ഐതിഹ്യങ്ങൾ തോമാശ്ലീഹായുടെ ഭാരതപ്രവേശനത്തെയും സഭാസ്ഥാപനങ്ങളെയും ദ്യോതിപ്പിക്കുന്ന വയാണ്. വി. തോമാ, സുവിശേഷം പ്രസംഗിച്ചിട്ടുള്ള സ്ഥലങ്ങളി ലെല്ലാം അദ്ദേഹം പ്രവർത്തിച്ചിട്ടുള്ള അത്ഭുതങ്ങളെപ്പറ്റിയും സ്ഥാപിച്ചിട്ടുള്ള ദൈവാലയങ്ങളെപ്പറ്റിയും ഒട്ടനേകം ഐതിഹ്യ ങ്ങൾ പരമ്പരാഗതമായി നിലവിലുണ്ട്. ഈ ഐതിഹ്യങ്ങളെ അതേപടി വിശ്വസിക്കേണ്ടതില്ലെങ്കിലും അവയുടെ പിന്നിലുള്ള സത്യം വിസ്മരിക്കാവുന്നതല്ല. "മാർത്തോമ്മാ ക്രിസ്ത്യാനികൾ" എന്ന സംജ്ഞയോടുകൂടിയ ഒരു വലിയ ക്രൈസ്തവ സമൂഹം ഇന്നാട്ടിൽ ഇന്നും ഉണ്ടെന്നുള്ളതു തന്നെ അപ്പസ്തോലന്റെ ഭാരതപ്രേഷിതത്വത്തെ വിളിച്ചറിയിക്കുന്നു. ക്രൈസ്തവരും അക്രൈസ്തവരും ഭാരതത്തിൽ ക്രിസ്തുമതത്തിന്റെ പ്രാചീനതയെ സമ്മതിക്കുന്നുണ്ട്. തോമാശ്ലീഹാ കപ്പലിറങ്ങിയ തുറമുഖവും, സ്ഥാപിച്ച പള്ളികളും, പ്രാർത്ഥിച്ച മലയും, മരിച്ചടക്കപ്പെട്ട കബറിടവും ഇന്നും സംപൂജ്യമായി കരുതപ്പെടുന്നു. അദ്ദേഹത്തിന്റെ പാദസ്പർശത്താൽ പരിപാവനമായിത്തീർന്നി ട്ടുള്ള ഒട്ടേറെ സ്ഥലങ്ങൾ കേരളത്തിൽ വിവിധ ഭാഗങ്ങളിൽ ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. വി. ശ്ലീഹായാൽ വൈദികസ്ഥാന ത്തേക്കുയർത്തപ്പെട്ടിട്ടുള്ള പകലോമറ്റം, ശങ്കരപുരി തുടങ്ങിയ അതിപുരാതനമായ കുടുംബങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്. തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനങ്ങളെ പ്രകീർത്തിക്കുന്ന പുരാതനപാട്ടുകൾ ഇപ്പോഴും ആലപിക്കപ്പെടുന്നുണ്ട്. കൂടാതെ പ്രാചീനകാലം മുതൽ തന്നെ ഇന്നാട്ടിൽ നിന്നും, വിദേശത്തു നിന്നുമുള്ള ഒട്ടനേകം പേർ മൈലാപ്പൂരിലുള്ള വി. തോമാ ശ്ലീഹായുടെ ശവകുടീരം സന്ദർശിക്കുകയും നേർച്ച കാഴ്ചകൾ സമർപ്പിക്കുകയും ചെയ്തിരുന്നു. ലോകത്തിൽ മറ്റൊരിടത്തും ഇതുവരേയും തോമാശ്ലീഹായുടെ കബറിടം ചൂണ്ടിക്കാണിക്ക പ്പെട്ടിട്ടില്ല. മേൽപ്പറഞ്ഞവയെല്ലാം തോമാശ്ലീഹായുടെ ഭാരത പ്രേഷിതത്വത്തെ ദ്യോതിപ്പിക്കുന്നവയാണ്.

www.malankaralibrary.com


## 4.2. തോമാശ്ലീഹായുടെ നടപടികൾ

ഭാരതസഭയുടെ സജീവമായ പാരമ്പര്യവും സഭാപിതാക്കന്മാരുടെ സാക്ഷ്യങ്ങളും ഉൾക്കൊള്ളുന്ന പ്രാചീന രേഖയാണ് 'തോമായുടെ നടപടികൾ.' അപ്പസ്തോല നടപടികളെ (അപ്പസ്തോല പ്രവർത്തനങ്ങൾ) അനുകരിച്ച് ആദിമ സഭയിൽ പല നടപടികളും ഐതിഹ്യരൂപേണ രചിക്കുകയുണ്ടായി. ഇവയൊന്നും സഭ അംഗീകരിച്ചിട്ടുള്ളവയല്ല. എന്നാൽ, അവ പല ചരിത്രസത്യങ്ങളും ഉൾക്കൊള്ളുന്നവയാണ്. അക്കൂട്ടത്തിൽപ്പെടുന്ന ഒന്നാണ് തോമായുടെ നടപടികൾ. ഇതു മൂന്നാം നൂറ്റാണ്ടിൽ സിറിയായിൽ വച്ചു സുറിയാനി ഭാഷയിൽ എഴുതിയതാണെന്നു കരുതപ്പെടുന്നു. സുറിയാനി സംസാരിക്കുന്ന ക്രൈസ്തവന് പരിചിതമായ സംജ്ഞകളാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നത്. തോമായെക്കുറിച്ച് വ്യക്തമായി അറിയാവുന്ന ആരോ ആണ് ഈ ഗ്രന്ഥത്തിന്റെ കർത്താവ്. പ്രസ്തുത ഗ്രന്ഥത്തിനു ഗ്രീക്ക്, ലത്തീൻ, അറബി, അർമ്മേനിയൻ, എത്യോപ്യൻ എന്നീ ഭാഷകളിൽ ആദിമകാലങ്ങളിൽത്തന്നെ തർജ്ജമകളുണ്ടായി. വി. തോമാശ്ലീഹാ ഇന്ത്യയിലെ ഗുണ്ടഫർ രാജാവിന്റെ കൊട്ടാരത്തിൽ ചെന്നെത്തിയ സാഹചര്യങ്ങളും, അവിടെ പ്രവർത്തിച്ച അത്ഭുതങ്ങളും ഗുണ്ടഫറിന്റെ രാജ്യത്തിൽ നടത്തിയ പ്രേഷിതപ്രവർത്തനവും ഈ ഗ്രന്ഥത്തിൽ വളരെ വിശദമായി വിവരിക്കുന്നുണ്ട്. വിശുദ്ധന്റെ മഹത്ത്വപൂർണ്ണമായ രക്തസാക്ഷിത്വത്തോടെ ഗ്രന്ഥം അവസാനിക്കുന്നു. തോമാശ്ലീഹായുടെ മരണശേഷം ഭൗതികാവശിഷ്ടം തോമായുടെ അനുയായികൾ പാശ്ചാത്യദേശത്തേക്ക് കൊണ്ടുപോയി എന്ന് ഈ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു.

## 4.3. റമ്പാൻ പാട്ട്

തോമാശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തെക്കുറിച്ച് വിശദമായി വിവരിച്ചിട്ടുള്ള ഒരു പഴയ പാട്ടാണിത്. തോമാ പർവ്വം എന്നും ഇത് അറിയപ്പെടുന്നു. വിശുദ്ധ ശ്ലീഹായുടെ തന്നെ ശിഷ്യന്മാരിൽ ഒരാളെന്നു വിശ്വസിക്കപ്പെടുന്ന നിരണത്ത് "മാളിയേക്കൽ തോമാ റമ്പാൻ" ആണ് ഈ പാട്ടിന്റെ മൂലരൂപത്തിന്റെ കർത്താവ്. ഇപ്പോൾ

www.malankaralibrary.com


നമുക്ക് ലഭിച്ചിരിക്കുന്ന പതിപ്പ് 1601-ൽ അതേ കുടുംബത്തിലെ 48-ാം തലമുറക്കാരനായ തോമാ റമ്പാൻ ചുരുക്കി എഴുതിയതാണ്. ഇക്കാര്യം പാട്ടിൽത്തന്നെ പ്രസ്താവിക്കുന്നുണ്ട്. മാളിയേക്കൽ ഭവനം സ്ഥിതിചെയ്തിരുന്ന പുരയിടം ഇന്നും നിരണത്തുണ്ട്. മാർത്തോമാ ശ്ലീഹായുടെ ഇന്ത്യയിലേയ്ക്കുള്ള വരവും, കേരളത്തിലെ പ്രേഷിതപ്രവർത്തനങ്ങളും, ദൈവാലയ സ്ഥാപനവും, രക്തസാക്ഷിത്വമരണവും ഈ പുരാതന പാട്ടിൽ വിശദമായി രേഖപ്പെടുത്തിക്കാണുന്നു.

### 4.4. മാർഗ്ഗംകളിപ്പാട്ട്

കേരള ക്രൈസ്തവരുടെ പുരാതന പാട്ടുകളിൽ സുപ്രധാനമാണ് മാർഗ്ഗംകളിപ്പാട്ട്. അവരുടെ കല്യാണാവസരങ്ങളിലും തിരുനാളുകളോടനുബന്ധിച്ചും രാത്രികാലങ്ങളിൽ നടത്തിവന്നിരുന്ന ഒരു കലാരൂപമാണ് മാർഗ്ഗംകളി. വാളും പരിചയും ധരിച്ച രണശൂരന്മാരുടെ വേഷത്തിൽ പന്ത്രണ്ടുപേർ ഒരു നിലവിളക്കിനു ചുറ്റും നിന്നുകൊണ്ട് പാട്ടിനൊപ്പിച്ച് ചുവടും താളവുമെടുത്തു കളിക്കുന്ന ഒരു സൈനികനൃത്തമാണിത്. മാർത്തോമ്മാ കേരളത്തിൽ വന്നു സുവിശേഷം പ്രസംഗിച്ച് അനേകായിരങ്ങളെ ജ്ഞാനസ്നാനപ്പെടുത്തിയെന്നും ഒടുവിൽ മൈലാപ്പൂരിൽ വച്ച് രക്തസാക്ഷിയായി മരിച്ചുവെന്നുമുള്ള കാര്യങ്ങളാണ് ഈ പാട്ടിൽ വിവരിക്കുന്നത്. തോമായുടെ സ്വർഗ്ഗത്തിലെ കൊട്ടാരം പണി, കാരാഗൃഹവാസം, ഹൈന്ദവരുടെ ഇടയിലെ പ്രവർത്തനങ്ങൾ, രക്തസാക്ഷിത്വം എന്നിവയെല്ലാം മാർഗ്ഗംകളിപ്പാട്ടിൽ വിവരിക്കുന്നു. പാട്ടിന്റെ ആരംഭം തമിഴ് മയമാണ്. മാർഗ്ഗംകളിപ്പാട്ടിന്റെ കാലം കൃത്യമായി പറയുക സാധ്യമല്ലെങ്കിലും പോർച്ചുഗീസുകാരുടെ വരവിനു മുമ്പാണെന്നു കരുതാവുന്നതാണ്. ഉദയംപേരൂർ സൂനഹദോസിന്റെ സൂത്രധാരനായ മെനേസിസ് മെത്രാപ്പോലീത്ത അങ്കമാലിയിൽ വന്നപ്പോൾ അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം അവിടത്തെ നസ്രാണികൾ തോമാശ്ലീഹായുടെ അപദാനങ്ങൾ കീർത്തിക്കുന്ന പാട്ടോടുകൂടിയ ഒരു കളി നടത്തി അദ്ദേഹത്തെ ആഹ്ലാദചിത്തനാക്കിയെന്നും പോർച്ചുഗീസ് ചരിത്രകാരനായ ഗുവെയാ, 'ജെർണാദ' എന്ന ഗ്രന്ഥത്തിൽ പറയുന്നുണ്ട്. ഈ

www.malankaralibrary.com


കലാപരിപാടി നസ്രാണികളുടെ മാർഗ്ഗംകളി തന്നെയാണെന്നു ഊഹിക്കുന്നതിൽ തെറ്റില്ല.

### 4.5. വീരാടിയാൻ പാട്ട്

ഹിന്ദുമതാനുയായികളായ വീരാടിയാന്മാർ (പാണന്മാർ) നസ്രാണികളുടെ വീടുകൾതോറും വിശേഷാവസരങ്ങളിൽച്ചെന്നു പാടിയിരുന്നതാണ് വീരാടിയാൻ പാട്ട്. ഏ.ഡി. 52-ൽ തോമാശ്ലീഹാ കേരളത്തിൽ വന്ന് സത്യവേദം പ്രചരിപ്പിച്ചതും ക്നായിത്തൊമ്മൻ ഇവിടെ എത്തിയതും രാജാക്കന്മാരിൽനിന്നു പല സ്ഥാനമാനങ്ങൾ ലഭിച്ചതുമായ വൃത്താന്തങ്ങളാണ് ഈ പാട്ടിൽ വർണ്ണിക്കുന്നത്. പ്രതിഫലമായി ക്രിസ്ത്യാനികൾ അവർക്കു സമ്മാനങ്ങൾ നല്കിയിരുന്നു. ഇവകൊണ്ടാണ് അവർ ജീവിച്ചു പോന്നിരുന്നത്. ഈ പാട്ടിനു പതിനഞ്ചു നൂറ്റാണ്ടിലധികം പഴക്കമുണ്ടെന്നു കണക്കാക്കപ്പെടുന്നു.

## 5. കുരിശ് സ്ഥാപിച്ചുവോ എന്ന സംശയങ്ങൾക്ക്

മാർഗ്ഗംകളിപ്പാട്ടിൽ നാം ഇപ്രകാരം വായിക്കുന്നു;

> "ഇങ്ങനെ മാർഗ്ഗംമറിയിച്ചതിനുശേഷം
> തീർത്തു കുരിശതു കൊല്ലം
> നിരണം, കോക്കമംഗലം കോട്ടകായൽ
> മലമ്പ്രദേശമായി ചായൽ
> പാലയൂരും പിന്നെ അരചന്നിരിപ്പിടം
> കൊടുങ്ങല്ലൂരെന്നവയേഴും"

ഇവ മാത്രമല്ല, മറ്റ് പല പാരമ്പര്യങ്ങളും വി. തോമസ് കേരളത്തിൽ ഏഴ് കുരിശു സ്ഥാപിച്ചുവെന്ന് അവകാശപ്പെടുന്നു. എന്നാൽ ഈ സത്യത്തിനെതിരായി ചിലർ ഉയർത്തുന്ന വാദഗതികൾ ഇപ്രകാരമാണ്. ഹെലേനാ രാജ്ഞി ക്രിസ്തുവിന്റെ കുരിശ് കണ്ടുപിടിച്ചത് ഏ.ഡി. 345-ൽ ആണ്. അതുവരെ കുരിശ് കുറ്റവാളികളെ തൂക്കിക്കൊല്ലുന്ന ഒരു ഉപകരണം മാത്രമാകയാൽ ആരും കുരിശ് ഉപയോഗിച്ചിരു ന്നില്ല. അതിനാൽ വി. തോമാശ്ലീഹാ

www.malankaralibrary.com


കുരിശ് സ്ഥാപിച്ചു എന്ന വാദം വാസ്തവവിരുദ്ധമാണ്. ഈ വാദത്തിന് കഴമ്പില്ലാ എന്നതിനുള്ള ഉദാഹരണങ്ങൾ താഴെ പറയുന്നവയാണ്.

**5.1.** ലോകത്തിന്റെ കേന്ദ്രഭാഗമായിരുന്ന റോമായിലും മറ്റ് പല പ്രധാന സ്ഥലങ്ങളിലും കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ 'എഡിറ്റ് ഓഫ് മിലാൻ' (എ.ഡി. 313, ഇതിലാണ് ക്രിസ്ത്യാനികൾക്ക് മതസ്വാതന്ത്ര്യം അനുവദിച്ചത്) വരെ ക്രിസ്തുമതം പീഡനത്തിന് വിധേയമാക്കപ്പെട്ടിരുന്നു. ക്രിസ്തുമത വിശ്വാസികളെ തിരഞ്ഞ് പിടിച്ച് ആക്രമിക്കുന്ന ആ കാലഘട്ടത്തിൽ മതപരമായ സൂചന നൽകുന്ന ഒന്നും പൊതുവായി ഉപയോഗിക്കപ്പെട്ടിരുന്നില്ല. അതുകൊണ്ടാണ് ആ രാജ്യങ്ങളിൽ കുരിശ് ഉപയോഗിക്കാതിരുന്നത്. എന്നാൽ അത്തരത്തിലുള്ള മതമർദ്ദനം ഉണ്ടാകാതിരുന്ന ഭാരതത്തിൽ കുരിശ് മതമുദ്രയാക്കുവാൻ സൗകര്യവും സ്വാതന്ത്ര്യവുമുണ്ടായിരുന്നു.

**5.2.** ശ്ലീഹന്മാരുടെ ജീവിതത്തിലും ഹൃദയത്തിലും ഏറ്റവും വ്യക്തമായും ഘോരമായും പതിഞ്ഞ വസ്തുതയാണ് ക്രിസ്തുവിന്റെ കുരിശുമരണം. അതിനാൽ അവരുടെയുള്ളിൽ എപ്പോഴും യേശുവിന്റെ കുരിശുമരണചിന്ത ജ്വലിക്കുകയും പ്രഘോഷണത്തിലുടനീളം കുരിശിന് പ്രാധാന്യം നല്കുകയും ചെയ്തിട്ടുണ്ട്. താഴെപ്പറയുന്നവ ഇതിന് ചില ഉദാഹരണങ്ങൾ മാത്രമാണ്;

* "നാശത്തിലൂടെ ചരിക്കുന്നവർക്കു കുരിശിന്റെ വചനം ഭോഷത്തമാണ്. രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ അതു ദൈവത്തിന്റെ ശക്തിയത്രേ" (1 കോറി. 1:18).
* "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിലല്ലാതെ മറ്റൊന്നിലും മേന്മ ഭാവിക്കാൻ എനിക്ക് ഇടയാകാതിരിക്കട്ടെ" (ഗലാ. 6:14).
* കുരിശു വഴി യേശു യഹൂദരെയും വിജാതീയരെയും ഒന്നിപ്പിച്ചു (എഫേ. 2:16).
* വ്യാജപ്രവാചകന്മാർ യേശുവിന്റെ കുരിശിന്റെ ശത്രുക്കളാണ് (ഫിലി. 3:18).
* "നമുക്ക് ദോഷകരമായിനിന്ന ലിഖിതനിയമങ്ങളെ അവൻ

www.malankaralibrary.com


മായ്ച്ചുകളയുകയും അവയെ കുരിശിൽ തറച്ചു നിഷ്കാസനം ചെയ്യുകയും ചെയ്തു" (കൊളോ. 2:14).

* "ഞങ്ങളാകട്ടെ, യഹൂദർക്ക് ഇടർച്ചയും വിജാതീയർക്കു ഭോഷത്തവുമായ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു" (1 കോറി. 1:23).

* "എന്നാൽ, ദൈവം അവനെ മൃത്യുപാശത്തിൽനിന്നു വിമുക്തനാക്കി ഉയിർപ്പിച്ചു. കാരണം, അവൻ മരണത്തിന്റെ പിടിയിൽ കഴിയുക അസാധ്യമായിരുന്നു" (അപ്പ. 2:24).

ഈ പ്രസ്താവനകളിൽ നിന്നെല്ലാം കുരിശിന് അവരുടെ ജീവിതത്തിലുള്ള സ്ഥാനം മനസ്സിലാക്കാവുന്നതാണ്. അനുകൂലമായ അവസ്ഥയിൽ ഈ കുരിശ് തോമാശ്ലീഹാ ഉപയോഗിച്ചു എന്ന് പറയുന്നതിൽ തെറ്റില്ല.

**5.3.** നിരണത്തെ മാളിയേക്കൽ തോമാ, തോമാശ്ലീഹായുടെ നേരിട്ടുള്ള ശിഷ്യനായിരുന്നുവെന്നും അദ്ദേഹമാണ് റമ്പാൻ പാട്ടിന്റെ ആദ്യരൂപത്തിന്റെ രചയിതാവെന്നും വിശ്വസിക്കപ്പെടുന്നു. അങ്ങനെയെങ്കിൽ നിരണത്തും മറ്റു പലയിടത്തും തോമാശ്ലീഹാ കുരിശ് സ്ഥാപിച്ചു എന്നത് ദൃക്സാക്ഷി വിവരണമാണ്.

## 6. വിശുദ്ധ തോമാശ്ലീഹാ ഭാരതത്തിലേക്ക്

ബി.സി. 10-ാം ശതകം മുതൽ ഭാരതം വിദേശരാജ്യങ്ങളുമായി നല്ല കച്ചവടബന്ധം പുലർത്തിയിരുന്നു. റോമാക്കാർ, യഹൂദർ, അറബികൾ എന്നിവരായിരുന്നു അതിൽ മുന്നിട്ടു നിന്നത്. പുരാതനകാലത്തെ രണ്ടു കച്ചവടപാതകളാണ് ഭാരതത്തെ ലോകത്തിന്റെ മറ്റ് ഭാഗങ്ങളുമായി ബന്ധിപ്പിച്ചത് - കടൽ മാർഗ്ഗമുള്ള മലഞ്ചരക്ക് പാതയും, കരമാർഗ്ഗമുള്ള സിൽക്ക് പാതയും. വിശുദ്ധ തോമസ് സിൽക്ക് പാതയിൽകൂടി ഇന്ത്യയുടെ വടക്കു പടിഞ്ഞാറ് പ്രദേശമായ പാർത്ഥ്യസാമ്രാജ്യത്തിലെ ഗുണ്ടഫർ രാജാവിന്റെ അടുത്തെത്തിയെന്നും, രണ്ടുവർഷങ്ങൾക്കുശേഷം കടൽമാർഗ്ഗം മുസിരീസിൽ എത്തിയെന്നുമാണ് പരമ്പരാഗതമായ വിശ്വാസം.

www.malankaralibrary.com



വിശുദ്ധ തോമാശ്ലീഹായുടെ ഭാരത പ്രവേശനത്തെക്കുറിച്ച് 'തോമായുടെ നടപടികൾ' എന്ന പുസ്തകത്തിൽ വിവരിക്കുന്നത് ഇപ്രകാരമാണ്;

പന്തക്കുസ്താനുഭവത്തിനുശേഷം തീക്ഷ്ണമതികളായ അപ്പസ്തോലന്മാർ സുവിശേഷ പ്രചരണാർത്ഥം വിവിധ രാജ്യങ്ങളിലേക്ക് പോകുന്നതിനായി കുറിയിട്ടു. തോമാശ്ലീഹായ്ക്ക് കുറിവീണത് ഭാരതത്തിലേക്കായിരുന്നു. മന്ത്രവാദത്തിന് പേരുകേട്ട ഭാരതത്തിലേക്ക് പോകുവാൻ തോമസിന് താല്പര്യമില്ലായിരുന്നു. മടിച്ച തോമസിന്, കർത്താവ് തന്നെ ഒരു ദർശനത്തിൽ പ്രത്യക്ഷപ്പെട്ട് ശക്തി പകർന്നു. എന്തായാലും ദൈവഹിതത്തെ ഏറ്റെടുത്ത തോമസ്, ഭാരതത്തിൽ നിന്നുള്ള വ്യാപാര പ്രമുഖനായ ഹാബാനുമായി പരിചയത്തിലായി. ഹാബാൻ, ഗുണ്ടഫർ രാജാവിന്റെ സുഹൃത്തായിരുന്നു. ഗുണ്ടഫർ രാജാവ് തക്ഷശിലയിൽ ഒരു കൊട്ടാരം പണിയുവാൻ വിദഗ്ധരായ ശില്പികളെ തേടുന്ന സമയമായിരുന്നു അത്. ശിൽപിയായി തന്നെത്തന്നെ പരിചയപ്പെടുത്തിയ തോമസിനെ ഹാബാൻ തന്റെ സുഹൃത്തായ രാജാവിന്റെ സന്നിധിയിലേക്ക് നയിച്ചു. തോമസിനെ വിശ്വസിച്ച് രാജാവ് ആവശ്യത്തിന് പണം നല്കി കൊട്ടാരം പണിയുവാൻ അദ്ദേഹത്തെ നിയോഗിച്ചു. എന്നാൽ തോമാശ്ലീഹാ ആ പണമെല്ലാം പാവങ്ങൾക്ക് ദാനം ചെയ്ത് ദൈവത്തിന്റെ വചനം പ്രഘോഷിച്ചു. നിശ്ചിത ദിവസം രാജാവ് കൊട്ടാരം കാണാനെത്തി. കൊട്ടാരത്തെക്കുറിച്ച് അന്വേഷിച്ച രാജാവിനോട് ജനം ഇപ്രകാരം പറയുന്നതായി തോമായുടെ നടപടികളിൽ കാണുന്നു;

"ഒരു കൊട്ടാരവും അവിടെ പണി ചെയ്തിട്ടില്ല. എന്നാൽ അയാൾ പട്ടണങ്ങളിലും ഗ്രാമങ്ങളിലും ചുറ്റിനടക്കുകയും സാധുക്കൾക്ക് ദാനം കൊടുക്കുകയും അവരെ പുതിയ ദൈവത്തെപ്പറ്റി പഠിപ്പിക്കുകയും, രോഗികളെ സുഖപ്പെടുത്തുകയും, പിശാചുക്കളെ ബഹിഷ്കരിക്കുകയും അങ്ങനെ പല കാര്യങ്ങൾ ചെയ്യുകയുമായിരുന്നു. അയാൾ ഒരു മന്ത്രവാദിയാണെന്നാണ് ഞങ്ങൾക്കു തോന്നുന്നത്. എന്നാൽ അയാളുടെ ദീനാനുകമ്പയും യാതൊരു പ്രതിഫലവും പറ്റാതെയുള്ള രോഗശാന്തി നൽകലും

www.malankaralibrary.com



അയാളുടെ താപസജീവിതവും ഭക്തിയും അയാൾ ഒന്നുകിൽ ഒരു മാന്ത്രികനാണ് അല്ലെങ്കിൽ പുതിയ ദൈവത്തിന്റെ അപ്പസ്തോലനാണ് എന്ന് ചിന്തിക്കുന്നതിന് ഞങ്ങളെ പ്രേരിപ്പിക്കുന്നു. അയാൾ കൂടുതൽ ഉപവസിക്കുകയും കൂടുതൽ പ്രാർത്ഥിക്കുകയും ചെയ്യുന്നു; ഉപ്പുകൂട്ടി അപ്പം കഴിക്കുന്നു. വെള്ളമാണ് കുടിക്കുന്നത്; ഒരു വസ്ത്രം മാത്രമേ ധരിക്കുന്നുള്ളൂ. സ്വന്തം ആവശ്യത്തിനു വേണ്ടി ആരിൽനിന്നും യാതൊന്നും സ്വീകരിക്കുന്നില്ല. തനിക്കുള്ളതെല്ലാം മറ്റുള്ളവർക്ക് കൊടുക്കുന്നു."

കൊട്ടാരം കാണാനെത്തിയ രാജാവിനോട് താൻ രാജാവിനുവേണ്ടി കൊട്ടാരം പണിതിരിക്കുന്നത് സ്വർഗ്ഗത്തിലാണെന്ന് തോമസ് അറിയിച്ചു. ചതി മനസ്സിലാക്കിയ രാജാവ്, അദ്ദേഹത്തെ തടവിലാക്കി. എങ്ങനെ മരിക്കണമെന്ന് തീരുമാനിക്കാനുള്ള അവകാശം രാജാവ് തോമസിന് നൽകി. ആ ദിവസങ്ങളിൽ അദ്ദേഹത്തിന്റെ രോഗബാധിതനായ സഹോദരൻ ഗദഫർ മരണാസന്നനായി. മരിച്ചു എന്ന് കൊട്ടാര വൈദ്യന്മാർ വിധിയെഴുതിയ അയാൾ അത്ഭുതകരമായി മരണാവസ്ഥയെ തരണം ചെയ്ത് ജീവിതത്തിലേക്ക് തിരിച്ചുവരികയും രോഗശാന്തി നേടുകയും ചെയ്തു. ഗദഫർ താൻ മൃതരുടെ ലോകത്ത് എത്തിയെന്നും തന്റെ സഹോദരന്റെ പേരിൽ ഒരു വലിയ കൊട്ടാരം അവിടെ കണ്ടെന്നും അത് പണിതീർത്തത് ക്രിസ്തുശിഷ്യനായ തോമസ് ആണെന്ന് അറിയുകയും ചെയ്തതായി വെളിപ്പെടുത്തി. ഇതറിഞ്ഞ രാജാവ് മനസ്തപിക്കുകയും രാജകുടുംബം ഒന്നായ് ക്രിസ്തുമതം സ്വീകരിക്കുകയും ചെയ്തുവെന്ന് തോമസിന്റെ നടപടി വിവരിക്കുന്നു.

മന്ത്രവാദത്തിന്റെ നാടായ ഭാരതത്തിലേക്ക് പോകുവാൻ മടിച്ച തോമസിനെ ക്രിസ്തു, ഹാബാൻ എന്ന വ്യാപാരിക്ക് വിറ്റു എന്ന് പറയപ്പെടുന്ന ഐതിഹ്യം വി. തോമസിനുണ്ടായ ഏതെങ്കിലും ദർശനത്തെയോ, അനുഭവത്തെയോ മുൻനിർത്തി മെനഞ്ഞെടുത്തതാകാം.

**6.1. ചരിത്രത്തിലേക്ക് ഒരു വെളിച്ചം**

കുറേ കാലങ്ങളോളം ഗുണ്ടഫർ എന്ന രാജാവും അദ്ദേഹ

www.malankaralibrary.com



ത്തോട് ചേർന്ന് നിന്ന സംഭവങ്ങളും ഒരു കഥയായി ജനഹൃദയങ്ങളിൽ നിലനിന്നു. എന്നാൽ 1853-ൽ ഗുണ്ടഫർ രാജാവിന്റെ പേരിൽ ഒന്നാം നൂറ്റാണ്ടിലിറക്കിയിട്ടുള്ള മുപ്പതിനായിരത്തോളം നാണയങ്ങൾ അഫ്ഗാനിസ്ഥാനിലും പഞ്ചാബിൽനിന്നുമായി നമുക്ക് ലഭിച്ചിട്ടുണ്ട്. ഗുണ്ടഫർ രാജാവിന്റെ മുദ്രയും നാമവും ഈ നാണയങ്ങളിലുണ്ട്. ജേർണൽ ഓഫ് ദി ഏഷ്യൻ സൊസൈറ്റി ഓഫ് ബംഗാൾ വാല്യം 23-ൽ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ന് ഈ നാണയങ്ങൾ ബ്രിട്ടീഷ് മ്യൂസിയത്തിലും, ബർലിൻ മ്യൂസിയത്തിലും സൂക്ഷിച്ചുവച്ചിരിക്കുന്നു. പെഷവാറിൽ നിന്നും കണ്ടെടുത്ത ഒരു ശിലാലിഖിതത്തിൽനിന്നും ഗുണ്ടഫറിന്റെ ഭരണകാലം ക്രിസ്തുവർഷം ആദ്യനൂറ്റാണ്ടിന്റെ ആദ്യപകുതിയിലാണെന്ന് നമുക്ക് ഊഹിക്കാവുന്നതാണ്.

ഗുണ്ടഫർ രാജാവ് ഭരിച്ചത് ഏ.ഡി. 42 വരെയാണെന്ന് ഇന്ന് നമുക്ക് ചരിത്രരേഖകളുമുണ്ട്. അതിനുശേഷം അദ്ദേഹത്തിന്റെ പിൻഗാമിയായി 'പാക്കോറസ്' സ്ഥാനമേറ്റു. ഈ കാലഘട്ടത്തിലാണ് കുഷാന രാജവംശത്തിന്റെ ആക്രമണമുണ്ടായത്. ഈ സമയത്താണ് തോമാശ്ലീഹാ തക്ഷശിലയിൽ നിന്നും കേരളത്തിലേക്ക് വന്നതായി പറയപ്പെടുന്നത്. തക്ഷശിലയിലെ ഗുണ്ടഫർ രാജാവിന്റെ പിൻഗാമിയായ പാക്കോറസിനെ കുഷാന രാജാവായ കാഡ്പിറസ് രണ്ടാമൻ കീഴടക്കിയ ചരിത്രവും ഇന്ന് നമുക്ക് ലഭ്യമാണ്.

## 7. കേരളത്തിലേക്ക്

കച്ചവടത്തിനായി എത്തിയ യഹൂദരുടെ കോളനികൾ അന്നത്തെ കേരളത്തിൽ അങ്ങിങ്ങ് ഉണ്ടായിരുന്നു. പാശ്ചാത്യലോകവുമായി കച്ചവടം നടത്തി ഈ യഹൂദന്മാർ ജീവിച്ചു. ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ട് ഇത്തരം കച്ചവടം അത്യുച്ചകോടിയിലെത്തിയ കാലഘട്ടമായിരുന്നു. കൊടുങ്ങല്ലൂരിൽ നിന്നും കണ്ടെത്തിയിരിക്കുന്ന പഴയ നാണയങ്ങളും, മറ്റ് ചരിത്രരേഖകളും അത് വെളിപ്പെടുത്തുന്നുണ്ട്. അതുകൊണ്ടാണ് ഇന്ന് കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ കോടികൾ മുടക്കി മുസിരീസ് പുരാവസ്തു ഗവേഷണകേന്ദ്രങ്ങൾ നമുക്കുള്ളത്.

www.malankaralibrary.com



മുസിരീസ്, അതായത് ഇന്നത്തെ കൊടുങ്ങല്ലൂർ, അന്നത്തെ വലിയ കച്ചവടകേന്ദ്രമായിരുന്നു. ബി.സി. 80-ാം ആണ്ടിൽ മൺസൂൺ കാറ്റും പായ്ക്കപ്പലും അലക്സാണ്ടറിയക്കാരൻ ഹിപ്പാലൂസ് കണ്ടുപിടിച്ചതോടുകൂടി ജലമാർഗ്ഗം യാത്രാസൗകര്യങ്ങൾ വർദ്ധിച്ചിരുന്നു. അങ്ങനെ അന്നത്തെ പ്രസിദ്ധ തുറമുഖ നഗരമായ മുസിരീസി (കൊടുങ്ങല്ലൂർ) ലെ യഹൂദരോടും, തദ്ദേശികളായ ഹൈന്ദവരോടും സുവിശേഷം അറിയിക്കുവാൻ തോമാശ്ലീഹാ സുഹൃത്തായ ഹാബാനോടും യഹൂദവ്യാപാരികളോടും കൂടി മുസിരീസിലെത്തി. മുസിരീസിൽ നിറഞ്ഞുനിന്ന യഹൂദസാന്നിദ്ധ്യവും ആ ജനതയോട് അറമായ ഭാഷയിൽ സംസാരിക്കാനുള്ള സൗകര്യവും തോമാശ്ലീഹായെ കൊടുങ്ങല്ലൂരിൽ എത്തിച്ചു. മുസിരീസുമായി കച്ചവടബന്ധം പുലർത്തിയിരുന്ന ചന്ദ്രഗിരി (ഇന്നത്തെ മൈലാപ്പൂർ) അന്ന് ഭരിച്ചിരുന്നത് ഗുണ്ടഫർ രാജാവിന്റെ രാജവംശമായിരുന്നു. മുസിരീസുമായി കച്ചവടബന്ധം പുലർത്തിയിരുന്ന മൈലാപ്പൂരിലേക്ക് പോകുവാനുള്ള ചിന്തയും തോമാശ്ലീഹായെ മുസിരീസിലേക്ക് ആകർഷിച്ച ഘടകമായിരിക്കണം.

## 8. കേരളത്തിൽ ഏഴു പള്ളികളോ, ഏഴരപ്പള്ളിയോ

പണ്ഡിതരുടെയിടയിൽ അഭിപ്രായ വ്യത്യാസം കാണുന്ന ഒരു ചോദ്യമാണിത്. ഇതിനെക്കുറിച്ച് പലരിൽനിന്നും സ്വരൂപിച്ച അഭിപ്രായങ്ങൾ താഴെ പറയുന്നവയാണ്.

**8.1.** തമിഴ്നാട്ടിലെ തക്കലരൂപതയിൽപ്പെട്ട കന്യാകുമാരി ജില്ലയിലെ തിരുവാങ്കോട് ആണ് തോമാശ്ലീഹാ സ്ഥാപിച്ച അരപ്പള്ളി എന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. എന്നാൽ അതല്ല എറണാകുളം-അങ്കമാലി അതിരൂപതയിൽപ്പെട്ട മലയാറ്റൂരാണ് എന്ന് അവകാശവാദം ഉന്നയിക്കുന്നവരുമുണ്ട്. അതിന് ഉപോദ്ഘാതമായി മലയാറ്റൂർ മലയിലെ പാറയിൽ ക്രിസ്തുവർഷം 500-നോടനുബന്ധിച്ച് നാട്ടുകാർ കുരിശടയാളവും ചില പ്രത്യേകതകളും കണ്ടതായി പറയപ്പെടുന്നു.

**8.2.** കൂടുതൽ പ്രാധാന്യം കാണിക്കുന്നതിനായി രൂപതയോട് 'അതി' എന്ന് ചേർത്ത് അതിരൂപത എന്നു പറയുന്നതുപോലെ പ്രാധാന്യ

www.malankaralibrary.com


ത്തെ കാണിക്കുന്ന ഒരു പ്രയോഗമാണ് ഏഴര എന്നതിലൂടെ അർത്ഥമാക്കുന്നത്.

**8.3.** അരചൻ എന്നാൽ രാജാവ് എന്നർത്ഥം. അതിന്റെ ചുരുക്കെഴുത്താണത്രേ 'അര' എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. ഇവിടെ ഏഴ് + അരയാണ് ഏഴരയായി പറയുന്നത്. അതായത്, ഭാരതത്തിൽ മഹാഅരചനായ (രാജാവ്) ക്രിസ്തുവിനുവേണ്ടി ഏഴു കുരിശുകൾ സ്ഥാപിച്ചു എന്നർത്ഥം.

**8.4.** ഏഴ് എന്നത് വിശുദ്ധഗ്രന്ഥത്തിലെ പൂർണ്ണസംഖ്യയാണ്. അതിനാൽ ഏഴ് പള്ളികൾ സ്ഥാപിച്ചു എന്നതിൽ നിന്നും ഭാരതത്തിൽ ഒരു സഭയ്ക്ക് രൂപം കൊടുത്തു എന്നർത്ഥം.

**8.5.** കേരളത്തിൽ തോമാശ്ലീഹാ ഏഴുസ്ഥലങ്ങളിലെ പള്ളികൾ സ്ഥാപിച്ചു എന്നതിന് കുരിശുനാട്ടി എന്നല്ല, ഏഴു സഭാസമൂഹങ്ങൾക്ക് ജന്മം നല്കി എന്നർത്ഥം.

## 9. വി. തോമാശ്ലീഹായുടെ ഭാരതത്തിലെ പ്രവർത്തനങ്ങളെപ്പറ്റി സഭാപിതാക്കന്മാർ:-

**9.1. ശ്ലീഹന്മാരുടെ പ്രബോധനം:** "ഇന്ത്യയും അതിലെ രാജ്യങ്ങളും അതിലെ നിവാസികളും താൻ സ്ഥാപിച്ച സഭയിലെ നായകനും ഭരണാധികാരിയുമായ യൂദാസ് തോമസിൽനിന്നും കൈവയ്പ്പുവഴി പൗരോഹിത്യം സ്വകരിച്ചു."

**9.2. വി. ഗ്രിഗറി നസിയാൻ (ഏ.ഡി. 329-390):** "മനുഷ്യരുടെ അറിവില്ലായ്മ നീക്കുന്നതിനുവേണ്ടി സുവിശേഷ പ്രചാരണത്തിനായി ഇറങ്ങി പുറപ്പെട്ട അപ്പസ്തോലന്മാർ മിക്ക രാജ്യങ്ങളിലും അപരിചിതരായിരുന്നില്ലേ? പത്രോസ് യൂദായുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ പുറജാതിക്കാരുമായി പൗലോസിന് എന്താണ് പൊതുവായി ഉണ്ടായിരുന്നത്. ലൂക്കായ്ക്ക് അക്കായിലും, അന്ത്രയോസിന് എപ്പിറസുമായും, യോഹന്നാന് എഫേസോസുമായും, തോമായ്ക്ക് ഇന്ത്യയുമായും, മർക്കോസിന് ഇറ്റലിയുമായും എന്ത് ബന്ധമാണ് ഉണ്ടായിരുന്നത്."

**9.3. വി. എപ്രേം (373):** "സൂര്യരശ്മി പോലെ വലിയ ഗോളത്തിൽ പുറപ്പെടുന്നവനേ, നീ ഭാഗ്യവാൻ. നിന്റെ അനുഗ്രഹീതമാകുന്ന പ്രഭാതം ഇന്ത്യയുടെ അന്ധകാരം അകറ്റുന്നു."

www.malankaralibrary.com


**9.4. ടൂർസിലെ വി. ഗ്രിഗറി (595):** "ഭാരതത്തിൽ മാർതോമ്മാ ശ്ലീഹായുടെ പ്രഥമ വിശ്രമസങ്കേതത്തിൽ ഒരു സന്യാസാശ്രമവും വിസ്തൃതവും മനോഹരവുമായ ഒരു ദേവാലയവും ഉണ്ട്."

**9.5. വി. ഇസിദോർ:** "തോമാശ്ലീഹാ കുന്തത്താൽ കുത്തപ്പെട്ട് ഇന്ത്യയിലെ ഒരു പട്ടണത്തിൽ മരിക്കുകയും അവിടെ സംസ്കരിക്കപ്പെടുകയും ചെയ്തു."

## 10. സപ്തപള്ളികൾ

തോമാശ്ലീഹാ ഭാരതത്തിൽ പ്രവർത്തിച്ചതിന്റെ ശക്തമായ തെളിവാണ് അദ്ദേഹം സ്ഥാപിച്ചതായി പറയപ്പെടുന്ന ഏഴ് ദേവാലയങ്ങൾ. മഴവില്ലിലെ സപ്തവർണ്ണങ്ങൾ പോലെ വിളങ്ങിനിൽക്കുന്ന ഈ ചരിത്ര സ്മാരകങ്ങൾ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ചരിത്രത്തിലേക്കുള്ള പ്രകാശമാണ്.

### 10.1. കൊടുങ്ങല്ലൂർ

ലോകചരിത്രത്തിൽ ആദ്യമായി വിജ്ഞാനകോശം രചിച്ച പ്ലീനിക്ക് (എ.ഡി. 23-79) ഇന്ത്യയിലെ പ്രമുഖ വ്യാപാരകേന്ദ്രമായിരുന്ന കൊടുങ്ങല്ലൂർ പരിചിതമായിരുന്നു എന്നതിൽ നിന്നും കൊടുങ്ങല്ലൂരിന്റെ പ്രാധാന്യം മനസ്സിലാക്കാവുന്നതേയുള്ളൂ. ഇന്ത്യയും വിദേശരാജ്യങ്ങളും തമ്മിലുള്ള ചരക്ക് കൈമാറ്റം നടന്നിരുന്നത് കൊടുങ്ങല്ലൂർ തുറമുഖത്തായിരുന്നു. ആദിമ നൂറ്റാണ്ടിൽ കേരളം ഭരിച്ചിരുന്ന ചേരരാജാക്കന്മാരുടെ ആസ്ഥാനമായിരുന്ന കൊടുങ്ങല്ലൂരിൽ ജൂതന്മാരുടെ അധിവാസകേന്ദ്രങ്ങളുമുണ്ടായിരുന്നു. എ.ഡി. 52-ൽ കൊടുങ്ങല്ലൂർ തുറമുഖത്ത് മാല്യങ്കരയിലാണ് വി. തോമാശ്ലീഹാ കപ്പലിറങ്ങിയതായി പറയുന്നത്.

ക്രിസ്തുവിനുമുമ്പ് തന്നെ യഹൂദന്മാർക്ക് കൊടുങ്ങല്ലൂരിൽ ഒരു സ്വതന്ത്രപ്രദേശം ഉണ്ടായിരുന്നുവെന്നും ആ പ്രദേശം അവരുടെ വംശത്തിലും ജാതിയിലുംപ്പെട്ട ഭരണാധികാരികളാൽ ഭരിക്കപ്പെട്ടിരുന്നുവെന്നും ചരിത്രകാരനായ എസ്. എസ്. കേഢർ രേഖപ്പെടുത്തുന്നു. സോളമന്റെ കാലം മുതൽ യഹൂദന്മാർ കേരളത്തിൽ വന്നു

www.malankaralibrary.com


തുടങ്ങിയെന്ന് ബസ്നേജ് എന്ന ഗ്രന്ഥകാരൻ പറയുന്നു. വി. തോമാ ശ്ലീഹാ ഇവിടെയെത്തിയപ്പോൾ സുറിയാനി ഭാഷ സംസാരിക്കുന്ന ഒരു പ്രബല യഹൂദസമുദായത്തെ കാണുകയും അവരോട് സുവിശേഷം പ്രഘോഷിക്കുകയും ചെയ്തു.

തോമാശ്ലീഹായുടെ നടപടിയനുസരിച്ച് മുസിരിസിൽ ഹാബാൻ എന്ന ജൂതവ്യാപാരിയുമായി കപ്പലിറങ്ങിയ തോമാശ്ലീഹാ തദ്ദേശികളോട് സുവിശേഷം പ്രഘോഷിച്ചു. രാജാവിന്റെ മകളുടെ കല്യാണത്തിന് പങ്കെടുത്ത തോമാശ്ലീഹായുടെ പ്രവർത്തനങ്ങളെ ഇഷ്ടപ്പെടാതിരുന്ന ഒരാളിൽനിന്നും അദ്ദേഹത്തിന് പ്രഹരമേറ്റു. തോമാശ്ലീഹായെ പ്രഹരിച്ച മനുഷ്യനെ ഒരു പട്ടിപുലി (ചില രചനകളിൽ പുലി എന്നും കാണുന്നു) ആക്രമിക്കുകയും തോമസിനെ പ്രഹരിച്ച അയാളുടെ കരം അറ്റുപോകുകയും ചെയ്തു. ഒരു നായ്, അറ്റുപോയ അയാളുടെ കരം കടിച്ചെടുത്ത് അവിടെയാകെ ഓടി നടക്കുകയും അവസാനം തോമസിന്റെ മുമ്പിൽ വയ്ക്കുകയും ചെയ്തു. ദയ തോന്നിയ തോമാശ്ലീഹാ അയാളുടെ കരം തൊട്ട് പൂർവ്വസ്ഥിതിയിലാക്കി. ഈ സംഭവം നാട്ടിലെങ്ങും പ്രസിദ്ധമായി. പലരും ക്രിസ്തുമതം സ്വീകരിച്ചു. രാജകുടുംബത്തിൽപ്പെട്ട ഒരാളും മാമ്മോദീസാ സ്വീകരിച്ചു. അദ്ദേഹം പിന്നീട് മേൽപ്പട്ടക്കാരനായി ഉയർന്നു. പത്രോസ് എന്നായിരുന്നു അയാളുടെ പേര് (കേപ്പ പെരുമാൾ).

കൊടുങ്ങല്ലൂരിൽ ക്രൈസ്തവർ ഒരു പ്രബലസമൂഹമായി മാറിയിരുന്നു. 1524-ൽ മുഹമ്മദീയർ ക്രൈസ്തവരെ പീഡിപ്പിക്കുകയും ഓടിക്കുകയും ചെയ്തു. കൊടുങ്ങല്ലൂരിലെ ക്രൈസ്തവ ദേവാലയങ്ങളും ക്രൈസ്തവരുടെ വീടുകളും അവർ തീവച്ച് നശിപ്പിച്ചു. ക്രൈസ്തവസ്വത്തുക്കൾക്ക് തീയിട്ടു. അവിടെയുണ്ടായിരുന്ന മൂന്ന് പ്രമുഖ ദേവാലയങ്ങൾ - സെന്റ് മേരീസ്, സെന്റ് തോമസ്, സെന്റ് കുരിയാക്കോസ് - ദേവാലയങ്ങൾ നശിപ്പിക്കപ്പെട്ടതോടെ ക്രിസ്ത്യാനികൾ ഓടി രക്ഷപ്പെട്ടു. ചില മുസ്ലീം വിവരണങ്ങളിൽ ഇവ രേഖപ്പെടുത്തിയിട്ടുണ്ട്.

അന്നത്തെ കൊടുങ്ങല്ലൂരിന് ഇന്ന് വലിയ മാറ്റം സംഭവിച്ചിരിക്കുന്നു. സുനാമിപോലുള്ള ഒരു വലിയ ദുരന്തത്തിനുശേഷം പെരി

www.malankaralibrary.com


യാറിന്റെ ദിശാമാറ്റവും കടലിന്റെ ഉൾവലിയലും മൂലം തുറമുഖം തന്നെ നഷ്ടപ്പെടുകയും പഴയപ്രതാപം മുസിരീസിന് ഇല്ലാതാകുകയും ചെയ്തു. കൊടുങ്ങല്ലൂരിൽ എവിടെയാണ് തോമാശ്ലീഹാ കപ്പലിറങ്ങിയത് എന്ന് ഇന്ന് നിർണ്ണയിക്കുക അസാദ്ധ്യമാണ്. എന്തായാലും തോമാശ്ലീഹാ ആദ്യമായി കപ്പലിറങ്ങി എന്ന് വിശ്വസിക്കുന്ന സ്ഥലത്ത് പെരിയാറിന്റെ തീരത്തായി വി. തോമാശ്ലീഹായുടെ വലതുകരത്തിന്റെ അസ്ഥി സൂക്ഷിച്ചിരിക്കുന്ന മാർതോമ്മാ തീർത്ഥാടന കേന്ദ്രം ഇന്ന് സ്ഥിതിചെയ്യുന്നു. സി.എം.ഐ ദേവമാതാ പ്രൊവിൻസിലെ ബഹുമാനപ്പെട്ട വൈദികരുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന ദേവാലയത്തിലേക്ക് വി. തോമാശ്ലീഹായുടെ അനുഗ്രഹം യാചിച്ചെത്തുന്ന തീർത്ഥാടകരും കൊടുങ്ങല്ലൂരിന്റെ പൈതൃകം തേടിയെത്തുന്ന ടൂറിസ്റ്റുകളും നിരന്തരകാഴ്ചയാണ്.

### 10.2. നിരണം

പമ്പാ നദിയുടെ ഇരു ശാഖകൾക്കും മദ്ധ്യേയുള്ള നിരണം ഒരു പുരാതന നഗരമായിരുന്നുവെന്ന് പ്ലീനി സാക്ഷ്യപ്പെടുത്തുന്നു. അദ്ദേഹം ഈ നഗരത്തെ 'നിയസാന്റോൺ' എന്നാണ് വിളിച്ചിരുന്നത്. അന്ന് പ്രസിദ്ധ വ്യാപാരകേന്ദ്രമായിരുന്ന നിരണത്ത് യഹൂദ വ്യാപാരികളും നല്ലൊരു ജനസമൂഹവും ഉണ്ടായിരുന്നു. അക്കാലത്ത് നിരണം നല്ലൊരു കുരുമുളക് വ്യാപാരകേന്ദ്രമായിരുന്നു.

നിരണത്ത് അന്ന് പ്രധാനമായും 10 ഇല്ലങ്ങൾ ഉണ്ടായിരുന്നു. അതിൽ പട്ടമുക്ക്, തയ്യിൽ, മാങ്കി, മടത്തലാൽ എന്നീ നാല് ഇല്ലക്കാർ മാമ്മോദീസാ സ്വീകരിക്കുകയും തൃക്ക പാലേശ്വരത്ത് കുരിശ് സ്ഥാപിക്കുകയും ചെയ്തു. അതിനുശേഷം തോമസ് നിലയ്ക്കലിന് (ചായൽ) പോയി. ഈ അവസരം മുതലെടുത്ത് മതവൈരം പൂണ്ട മറ്റ് ഇല്ലക്കാർ ആ കുരിശെടുത്ത് ആറ്റിലൊഴുക്കി. അനുയായികളിൽ നിന്നും ഇതറിഞ്ഞ വി. തോമാശ്ലീഹാ അവരോടൊപ്പം ചെന്ന് കുരിശ് അന്വേഷിക്കുകയും കരയ്ക്കടുത്ത കുരിശെടുത്ത് നിരണത്ത് സ്ഥാപിക്കുകയും ചെയ്തു.

1653 ജനുവരി 3-ന് മട്ടാഞ്ചേരിയിൽ നടന്ന കൂനൻകുരിശു സത്യത്തിനുശേഷം അന്നുവരെ ഒന്നായിക്കഴിഞ്ഞിരുന്ന

www.malankaralibrary.com


കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ രണ്ടു വിഭാഗമായി വേർപിരിഞ്ഞു. നിരണത്തെ ക്രിസ്ത്യാനികളിൽ ഭൂരിഭാഗവും യാക്കോബായ വിഭാഗമായി മാറി. വിശുദ്ധ തോമസ് കുരിശു സ്ഥാപിച്ച സ്ഥലത്താണ് ഇന്ന് നിരണത്തുള്ള ഓർത്തഡോക്സ് സുറിയാനി പള്ളി സ്ഥിതിചെയ്യുന്നതെന്ന് പറയപ്പെടുന്നു. ചങ്ങനാശ്ശേരി-കായംകുളം റോഡിൽ നിരണം ജംഗ്ഷനിൽനിന്നും ഒരു കിലോമീറ്റർ പടിഞ്ഞാറ് മാറി പമ്പയാറിന്റെ ഒരു കൈവഴിയുടെ തീരത്താണ് നിരണം പള്ളി സ്ഥിതിചെയ്യുന്നത്.

പമ്പാനദിയുടെ ശാഖയായ കോട്ടച്ചാലിൽ കൂടിയാണ് തോമാശ്ലീഹാ നിരണത്തെത്തിയതെന്നും പറയപ്പെടുന്നു. കോട്ടച്ചാൽ പൂർണ്ണമായും ഇന്നില്ലെങ്കിലും അതിന്റെ ചില അവശിഷ്ടങ്ങൾ ഇപ്പോഴും കാണാം. 'തോമാകടവ്' എന്ന പേരിൽ ഒരു കടവ് അവിടെ സ്ഥിതിചെയ്യുന്നു. മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ സമയത്ത് ചങ്ങനാശ്ശേരി അതിരൂപതയുടെ ഒരു ദേവാലയവും ഇവിടെ സ്ഥാപിതമായിട്ടുണ്ട്.

തോമാശ്ലീഹായുടെ നിരണത്തെ പ്രവർത്തനങ്ങളിൽ കുപിതനായ തദ്ദേശവാസിയായ ഒരു ബ്രാഹ്മണൻ സ്വന്തം മകനെ കൊല്ലുകയും കുറ്റം തോമാശ്ലീഹായുടെമേൽ ആരോപിക്കുകയും ചെയ്തു. കുറ്റം ചാർത്തപ്പെട്ട തോമാശ്ലീഹാ ഭരണാധികാരിയുടെ മുമ്പിൽ ഹാജരാക്കപ്പെടുകയും അദ്ദേഹം മരിച്ച കുട്ടിയെ ഉയിർപ്പിച്ച് യഥാർത്ഥ കൊലപാതകിയെ വെളിപ്പെടുത്തുകയും ചെയ്തതായി നിരണത്തെ പ്രവർത്തനങ്ങളുമായി ബന്ധമുള്ള വിവരങ്ങളിൽ കാണാം.

### 10.3. നിലയ്ക്കൽ (ചായൽ)

നൂറ്റാണ്ടുകൾക്കുമുമ്പുള്ള നിലയ്ക്കലിലെ ക്രൈസ്തവ സാന്നിദ്ധ്യത്തെപ്പറ്റി നിരവധി ചരിത്ര ഗ്രന്ഥങ്ങളിൽ പരാമർശമുണ്ട്. 1873-ൽ ഇംഗ്ലീഷ് ചരിത്രകാരനായ വൈറ്റ് ഹൗസ് ലണ്ടനിൽ പ്രസിദ്ധീകരിച്ച "Lingersings of light in a dark light" എന്ന പുസ്തകത്തിൽ നിലയ്ക്കലിൽ ആയിരത്തോളം ഹിന്ദുക്കളും മൂവ്വായിരത്തോളം ക്രിസ്ത്യാനികളും ഉണ്ടായിരുന്നതായി പറയുന്നു. എൻ. കെ. അന

www.malankaralibrary.com


ന്തകൃഷ്ണയ്യരുടെ ഗ്രന്ഥത്തിൽ നിലയ്ക്കൽ പഴയ ദേവാലയത്തിന്റെ മാമ്മോദീസാ തൊട്ടി അമ്പലത്തിന്റെ വശത്തുള്ള തീർത്ഥകുളത്തിന്റെ അടിത്തട്ടിൽ കിടക്കുന്നതായി പരാമർശിക്കുന്നുണ്ട്. നിലയ്ക്കൽ നിന്നും കണ്ടെടുത്ത ഒരു പഴയ കുരിശ് കാഞ്ഞിരപ്പള്ളി രൂപതയിലെ കൂവപ്പള്ളി കുരിശുമലയിൽ സ്ഥാപിച്ചിട്ടുണ്ടെന്ന് പറയുന്നു. ഇതെല്ലാം പുരാതനകാലം മുതൽ അവിടെ ക്രൈസ്തവ സാന്നിദ്ധ്യം ഉണ്ടായിരുന്നതിന് തെളിവാണ്. തോമാശ്ലീഹാ അവിടെ ഒരു ക്രൈസ്തവ സമൂഹം സ്ഥാപിക്കുകയും കുറേനാൾ അവിടെ പാർക്കുകയും ചെയ്തതായി റമ്പാൻ പാട്ടിൽ പറയുന്നു. അവിടെ നിന്നാണ് കാഞ്ഞിരപ്പള്ളി, ചെങ്ങന്നൂർ ഭാഗങ്ങളിലേക്ക് പിന്നീട് ക്രൈസ്തവർ കുടിയേറി പാർത്തത്.

നിലയ്ക്കൽ അഥവാ ചായൽ എന്നറിയപ്പെട്ടിരുന്ന ഈ നഗരം പാണ്ഡ്യദേശത്തേക്കുള്ള ഒരു വഴികൂടിയായിരുന്നു. അതുകൊണ്ട് പാണ്ടിപറയന്മാരുടെ കൊള്ളയും തീവെപ്പും സാധാരണമായിരുന്നു. 14-ാം നൂറ്റാണ്ടിൽ പാണ്ടിപ്പടയുടെ ആക്രമണവും, പ്രകൃതി ക്ഷോഭവും, പകർച്ചവ്യാധികളും മൂലം നിലയ്ക്കൽ ജനസമൂഹം നാടുവിട്ട് ഓടിപ്പോയി. ആരാധനാലയങ്ങൾ നശിച്ചു. പമ്പയും കടന്ന് ജനങ്ങൾ ഓടി രക്ഷപ്പെട്ട ഈ സംഭവത്തെ തുടർന്നാണ് 'പമ്പ കടന്നു' എന്നൊരു പ്രയോഗം മലയാളത്തിലുണ്ടായതത്രേ. ഇങ്ങനെ കുടിയേറിപ്പാർത്തവരുടെക്കൂട്ടത്തിൽ നിലയ്ക്കൽ പള്ളിയുടെ കൈക്കാരൻ തോമാ എന്നയാൾ പള്ളിയിൽ പൂജ്യമായി സൂക്ഷിച്ചിരുന്ന മാതാവിന്റെ തിരുസ്വരൂപവുമായി കാഞ്ഞിരപ്പള്ളിയിൽ എത്തിയെന്നും, അയാൾ മൂലം ആദ്യമായി അവിടെ ക്രൈസ്തവ ദേവാലയമുണ്ടായി എന്നുമാണ് കാഞ്ഞിരപ്പള്ളി ദേശചരിത്രത്തിൽ പറയുന്നത്. പരിശുദ്ധ മാതാവിന്റെ പ്രസ്തുത തിരുസ്വരൂപം ഇന്നും പഴയ പള്ളിയിൽ സൂക്ഷിച്ചുവരുന്നു (അക്കരയമ്മയുടെ തിരുസ്വരൂപം). അങ്ങനെ നിലയ്ക്കൽ വിജനമായ പ്രദേശമായി മാറി.

നൂറ്റാണ്ടുകൾക്കുശേഷം 1930-കളിൽ നിലയ്ക്കൽ ഒരു പള്ളി പണിയുവാൻ ക്രൈസ്തവർ അനുവാദം തേടിയെങ്കിലും അന്നത്തെ ദിവാൻ സർ. സി. പി. രാമസ്വാമി നിർദ്ദിഷ്ട സ്ഥലത്ത് ക്ഷേത്രം

www.malankaralibrary.com

പണിയുകയാണ് ചെയ്തത്. പിന്നീട് കാലങ്ങളോളം സഭയുടെ ഭാഗത്തുനിന്നും നിലയ്ക്കൽ ദൈവാലയം പണിയുവാൻ ശ്രമമുണ്ടായി. കേരള ഗവൺമെന്റ് 1976, 1979, 1983 എന്നീ വർഷങ്ങളിൽ പള്ളി പണിയുവാൻ അനുവാദം നൽകിയെങ്കിലും ചില മത വിഭാഗങ്ങളുടെ എതിർപ്പുമൂലം സാധിച്ചില്ല.

നിലയ്ക്കലിൽ പള്ളി പണിയുക എന്നത് ഒരു പ്രശ്നമായിരുന്നു. ഇന്ന് പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിൽ സീതത്തോട് പഞ്ചായത്തിൽ ആങ്ങാമ്മൂഴി-നിലയ്ക്കൽ റോഡിൽ പാലത്തടിയർ പാലത്തിൽനിന്നും 2802 അടി ഉയരമുള്ള വനനിബിഡമായ തേവർ മലയിലാണ് നിലയ്ക്കൽ പള്ളി നിലകൊള്ളുന്നത്. കത്തോലിക്കാ, ഓർത്തഡോക്സ് മാർത്തോമാ, യാക്കോബായ, സി.എസ്.ഐ. സഭകളുടെ പ്രതിനിധികളുടെ പ്രാതിനിധ്യമുള്ള ഒരു ട്രസ്റ്റാണ് നിലയ്ക്കൽ പള്ളിയുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും ഭരണം നടത്തുന്നത്.

**10.4. കൊല്ലം**

ഒന്നാം നൂറ്റാണ്ടിൽ പ്രശസ്തിയാർജ്ജിച്ച തുറമുഖ നഗരമായിരുന്നു കൊല്ലം. ചൈനാക്കാരും യഹൂദരും ഇവിടെ വ്യാപാരം നടത്തിയിരുന്നു. ജൈറസ് എന്നൊരാളായിരുന്നുവത്രേ യഹൂദരുടെ തലവൻ. തോമാശ്ലീഹാ അവിടെ ഒരു വർഷത്തോളം താമസിച്ചുവെന്നും പ്രേഷിതപ്രവർത്തനങ്ങൾ നടത്തി 1400 പേരെ മാമ്മോദീസാ മുക്കിയെന്നും റമ്പാൻ പാട്ടിൽ പറയുന്നു. ചെട്ടിസമുദായത്തിൽപ്പെട്ട അനേകരെ അദ്ദേഹം വിശ്വാസത്തിലേക്ക് കൊണ്ടുവന്നതായി പറയുന്നു.

തന്മൂലം തോമാശ്ലീഹായെ അപമാനിക്കാൻ ശത്രുക്കൾ ശ്രമിച്ചുവത്രേ. ഒരു അവിവാഹിതയായ പാവപ്പെട്ട സ്ത്രീയുടെ ശിശു തോമാശ്ലീഹായുടേതെന്ന് ആരോപിക്കപ്പെട്ടു. കൈകുഞ്ഞിനോട് അപ്പൻ ആരാണെന്ന് തോമാ ചോദിക്കുകയും എല്ലാവരും കേൾക്കേ കൈകുഞ്ഞ് തന്റെ അപ്പന്റെ പേര് അത്ഭുതകരമായി സുവ്യക്തം പറയുകയും ചെയ്തുവെന്നും റമ്പാൻ പാട്ടിൽ കാണുന്നു.

www.malankaralibrary.com

മാർത്തോമ്മാ ശ്ലീഹായുടെ കാലത്തെ പള്ളി കൊല്ലം കടലോരത്തെ ഒരു മുനമ്പിലാണ് സ്ഥിതി ചെയ്തിരുന്നതെന്നും മൂന്നാം നൂറ്റാണ്ടിൽ അത് പുതുക്കി പണിതെന്നും പുരാതന രേഖകളിൽ കാണുന്നു. ഈ പള്ളി എട്ടാം നൂറ്റാണ്ടിലെ കടലാക്രമണത്തിൽ നശിച്ചുപോയി. പിന്നീട് എ.ഡി. 825-ൽ ബാബിലോണിൽനിന്നും എത്തിയ പൗരസ്ത്യ മെത്രാനായ മാർ സോപോറിന്റെ കാലത്ത് പ്രസ്തുത ദേവാലയം സ്ഥിതി ചെയ്തിരുന്നിടത്ത് മറ്റൊരു പള്ളി പണിതു. ഇതിനെ തരിസപള്ളി (വിശ്വാസ സമൂഹത്തിന്റെ പള്ളി, ഓർത്തഡോക്സ് പള്ളി) എന്നാണ് അറിയപ്പെട്ടിരുന്നത്. കാലാന്തരത്തിൽ ഈ പള്ളിയും കടലെടുത്തു പോയി.

ഇന്ന് കൊല്ലത്തെ ദേവാലയമായി പരിഗണിക്കപ്പെടുന്നത് ഫോർട്ട് കൊല്ലം ഇടവക ദേവാലയമാണ്. പോർട്ടുഗീസ് രാജാവും കൊല്ലം രൂപതയുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ 1516-ൽ പണിത ദേവാലയം പില്ക്കാലത്ത് പുതുക്കി പണിതതാണ് ഇന്നു കാണുന്ന പോർട്ട് കൊല്ലം ദേവാലയം. കൊല്ലം ലത്തീൻ രൂപതയുടെ കീഴിലുള്ള ദേവാലയമാണിത്. പോർച്ചുഗീസുകാരുടെ ആഗമനത്തോടെ കൊല്ലത്ത് മാർതോമാ ക്രിസ്ത്യാനികളുടെ പ്രതാപം ക്ഷയിച്ചു.

**10.5. കോക്കമംഗലം**

വേമ്പനാട്ടു കായലിന്റെ തീരത്തു സ്ഥിതി ചെയ്യുന്ന കോക്കമംഗലത്ത് വി. തോമാശ്ലീഹാ സുവിശേഷം അറിയിച്ചുവെന്നും അങ്ങനെ ശ്ലീഹാ കോക്കമംഗലത്ത് ഒരു ക്രൈസ്തവ സമൂഹം സ്ഥാപിച്ചുവെന്നും പറയപ്പെടുന്നു. ക്രൈസ്തവമതം സ്വീകരിച്ചവർക്ക് വണങ്ങാനായി ഒരു കുരിശു സ്ഥാപിച്ചു. എന്നാൽ ശത്രുക്കൾ അത് പിഴുത് കടലിലെറിഞ്ഞു. അത് ഒഴുകി പള്ളിപ്പുറത്ത് കരയ്ക്കടുക്കുകയും വളർന്ന പുല്ലുകൾക്കിടയിൽ മറഞ്ഞു കിടക്കുകയും ചെയ്തു. തദ്ദേശിയായ ഒരാൾ പണിയെടുക്കുമ്പോൾ അയാളുടെ ആയുധം ഈ കുരിശിൽ തട്ടുകയും സ്ലീവായിൽ നിന്നും അത്ഭുതകരമായി രക്തമൊഴുകുകയും ചെയ്തു. അത് തോമാശ്ലീഹാ സ്ഥാപിച്ച കുരിശാണെന്ന് മനസ്സിലാക്കിയ ക്രിസ്ത്യാനികൾ ആ

www.malankaralibrary.com


കുരിശ് പള്ളിപ്പുറത്ത് സ്ഥാപിച്ചു എന്ന ഒരു ഐതിഹ്യം ഇവിടെ നിലനിൽക്കുന്നു. കോക്കമംഗലം, പള്ളിപ്പുറം ഭാഗങ്ങളിൽ തോമാശ്ലീഹാ ഒരു വർഷത്തോളം താമസിച്ചെന്നും 1600 പേരെ മാമ്മോദീസാ മുക്കിയെന്നുമാണ് പുരാതനമായ റമ്പാൻ പാട്ടിൽ പറയുന്നത്.

കോക്കമംഗലം ഇടവകാംഗവും നൂൺഷ്യോയുമായ ആർച്ചു ബിഷപ്പ് മാർ ജോസഫ് ചെന്നോത്ത് മുൻകൈ എടുത്ത് ക്രിസ്തു ജയന്തി 2000-ത്തോടനുബന്ധിച്ച് ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ സന്ദർശനവേളയിൽ ഇറ്റലിയിൽ സൂക്ഷിച്ചിരിക്കുന്ന തിരുശേഷിപ്പിന്റെ ഒരു ഭാഗം ഈ ദേവാലയത്തിൽ സ്ഥാപിച്ചിട്ടുണ്ട്. കൊച്ചി-കുമരകം റൂട്ടിൽ ചേർത്തല ടൗണിൽ നിന്നും 4.5 കിലോമീറ്റർ ദൂരത്തായി സ്ഥിതി ചെയ്യുന്ന ഈ ദേവാലയം ഈ അടുത്ത കാലത്ത് പുനർനിർമ്മിച്ചതാണ്.

### 10.6. കോട്ടക്കാവ്

ഇന്ന് വടക്കൻ പറവൂർ എന്നറിയപ്പെടുന്ന ഈ സ്ഥലം പഴയകാലത്ത് ഒരു വലിയ പട്ടണമായിരുന്നു. മധ്യശതകങ്ങളിൽ കപ്പൽ നിർമ്മാണശാലയായിട്ടാണ് ഈ സ്ഥലം അറിയപ്പെട്ടിരുന്നത്. 'പറുവ', 'പറു', 'പറക്' എന്നിങ്ങനെയെല്ലാമാണ് ഈ കപ്പലുകൾ അറിയപ്പെട്ടിരുന്നത്. പക്ഷികൾ പറക്കുന്നതുപോലെ ജലത്തിൽ പറക്കുന്നതുകൊണ്ടാവാം ഈ പേരുകളിൽ കപ്പലുകൾ അറിയപ്പെട്ടത്. 'പറവുകളുടെ ഊര്' ആയതുകൊണ്ട് പറവൂർ എന്ന പേര് ഉണ്ടായത് എന്നാണ് ഐതിഹ്യം.

പറവൂരിൽ ഒരു വർഷത്തോളം താമസിച്ച് തോമാശ്ലീഹാ 1770 പേരെ മാമ്മോദീസാ മുക്കി എന്നാണ് പുരാതനമായ റമ്പാൻ പാട്ടിൽ പറയുന്നത്. അന്ന് രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും സ്വന്തമായി ക്ഷേത്രങ്ങളുണ്ടായിരുന്നു. അങ്ങനെ കോട്ടക്കാവിലെ ക്ഷേത്രത്തിന്റെ ഉടമസ്ഥനും അത് ഉപയോഗിക്കുന്നവരും കൂട്ടത്തോടെ ക്രിസ്ത്യാനികളായി മാറിയതോടെ കോട്ടക്കാവ് ക്ഷേത്രം പള്ളിയാക്കി മാറ്റി.

www.malankaralibrary.com

വിശ്വാസം സ്വീകരിച്ച് ക്രിസ്തുമതത്തിലേക്ക് കടന്നു വന്നവർക്ക് പുതിയ ദേവാലയം എവിടെ പണിയണം എന്ന ആശയക്കുഴപ്പമുണ്ടായിരുന്നു. ആനയെക്കൊണ്ട് തടിപിടിപ്പിച്ച് തോമാശ്ലീഹാ പറഞ്ഞു: "ആന ഈ തടി ഇറക്കുന്ന സ്ഥലത്ത് പള്ളി പണിയാം." പക്ഷേ, ആന തടിയിറക്കിവച്ചത് ക്ഷേത്രനടയിലാണ്. അങ്ങനെ അവർ ഒരു തീരുമാനത്തിലെത്തി. ക്രിസ്തുവിനെ സ്വീകരിക്കണം. ആരാധനാലയം മാറ്റേണ്ടതില്ല. ഇന്നത്തെ പള്ളിയുടെ മതിൽ പഴയ അമ്പലത്തിന്റെ മതിലാണെന്നാണ് പറയപ്പെടുന്നത്. ഇന്ത്യാ ഗവൺമെന്റിന്റെ പുരാവസ്തു വകുപ്പ് ഈ മതിൽ സംരക്ഷിച്ചുവരുന്നു.

തോമാശ്ലീഹായുടെ കോട്ടക്കാവ് പ്രവർത്തനങ്ങളെക്കുറിച്ച് ഐതിഹ്യം പറയുന്നതിപ്രകാരമാണ്: തോമാശ്ലീഹാ വന്നപ്പോൾ അദ്ദേഹത്തെ ആരും ശ്രവിച്ചില്ല. അവർ അദ്ദേഹത്തെ കല്ലെറിയുകയും ചെയ്തു. പെട്ടെന്ന് ശക്തമായ ഇടിവെട്ടലും മിന്നലും മൂലം നിരവധിയാളുകൾ മോഹാലസ്യരായി വീണു. തോമാ കുരിശാകൃതിയിൽ അവരുടെമേൽ വെള്ളം തളിക്കുകയും അവർ അപകടം തരണം ചെയ്യുകയും ചെയ്തു. അതുകണ്ട നിരവധിപേർ മാമ്മോദീസാ സ്വീകരിച്ചു. അദ്ദേഹത്തെ വധിക്കാനായി ശത്രുക്കൾ മദം പൊട്ടിയ ആനയെ വിശുദ്ധന്റെ അടുത്തേക്കയച്ചു. എന്നാൽ ആന വന്ന് അദ്ദേഹത്തെ കുമ്പിട്ടു. ഈ അത്ഭുതത്തോടുകൂടി നിരവധിയാളുകൾ അദ്ദേഹത്തിൽ വിശ്വസിച്ചു. ഗോഥിക് വാസ്തുശില്പമാതൃകയിൽ നിർമ്മിച്ചിട്ടുള്ള പള്ളി പഴയകാലത്തെ വലിയ ദേവാലയങ്ങളിൽ ഒന്നാണ്. കരിങ്കൽ തൂണുകളിലാണ് ദേവാലയം നിർമ്മിച്ചിട്ടുള്ളത്.

**10.7. പാലയൂർ**

ആഢ്യബ്രാഹ്മണന്മാരുടെ ആസ്ഥാനവും യഹൂദകച്ചവടക്കാരുടെ കേന്ദ്രവുമായിരുന്നു പാലയൂർ. അവിടെ യഹൂദന്മാർ പാർത്തിരുന്ന ജൂതക്കുന്നിൽ ഒരു സിനഗോഗുമുണ്ടായിരുന്നു. തന്റെ വംശമായ ജൂതന്മാരുടെ അധിവാസ കേന്ദ്രമായതു കൊണ്ടാകാം തോമാശ്ലീഹാ പാലയൂരിൽ വരാൻ ഇടയായത്.

www.malankaralibrary.com


അവിടെയുള്ള 32 ഇല്ലക്കാർ ക്രിസ്തുമതം സ്വീകരിച്ചുവെന്നും പാരമ്പര്യമുണ്ട്. അതിനോടൊപ്പം കുറെ യഹൂദന്മാരും ക്രിസ്തുമതം സ്വീകരിച്ചു. ജൂതന്മാരും അവരുടെ സിനഗോഗും ഇപ്പോൾ പാലയൂരിലില്ലെങ്കിലും ജൂതാബസാർ എന്ന പേരിൽ ഒരു അങ്ങാടി ഇന്നും അവിടെയുണ്ട്. ക്രിസ്തുമതത്തിൽ ചേരാതിരുന്ന നമ്പൂതിരിമാർ ക്രിസ്തുമതത്തിൽ ചേർന്നവരെയും ആ സ്ഥലത്തേയും ശപിച്ചിട്ട് വേമ്പനാട്ടേക്ക് പോയി. അതുകൊണ്ട് ആ സ്ഥലത്തിന് ശാപക്കാട് (ചാവക്കാട്) എന്ന് പേരു കിട്ടിയെന്നും ഐതിഹ്യം പറയുന്നു.

## 11. കേരളത്തിൽനിന്നും മൈലാപ്പൂരിലേക്ക്

തോമാശ്ലീഹാ കേരളത്തിൽനിന്നും മൈലാപ്പൂരിലേക്കാണ് പോയത്. തക്ഷശിലയിൽ തോമാശ്ലീഹായിൽനിന്നും ക്രിസ്തുമതം സ്വീകരിച്ച ഗുണ്ടഫർ രാജാവിന്റെ പാർത്ഥ്യരാജവംശത്തിൽ പ്പെട്ടവരായിരുന്നു അന്ന് ഈ പ്രദേശം വാണിരുന്നത്. ചന്ദ്രഗിരി എന്നായിരുന്നു അന്ന് അതിന്റെ പേര്. ധാരാളം മയിലുകളുള്ള കുന്നായതുകൊണ്ടാണ് മൈലാപ്പൂർ എന്ന പേര് വീണതെന്ന് ചരിത്ര പുസ്തകങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ഇപ്പോഴത്തെ ചെന്നൈ നഗരത്തിന്റെ പ്രാന്തപ്രദേശത്താണ് മൈലാപ്പൂർ സ്ഥിതിചെയ്യുന്നത്. വളരെ പുരാതനമായ പട്ടണമാണ് മൈലാപ്പൂർ. അടുത്തുതന്നെ വലിയ തുറമുഖമുണ്ടായിരുന്നതിനാൽ പ്രശസ്ത വാണിജ്യ കേന്ദ്രമായ ഇവിടെ ധാരാളം വാണിഭക്കാരായ റോമാക്കാരും യഹൂദരും ഉണ്ടായിരുന്നു. പാർത്ഥ്യരാജവംശത്തിൽ നിന്നും, തക്ഷശിലയിൽ ലഭിച്ച സ്വീകാര്യതയും നിരവധിയായ യഹൂദ വാണിഭക്കാരുടെ സാന്നിദ്ധ്യവുമായിരിക്കാം വി. തോമാശ്ലീഹായെ മൈലാപ്പൂരിലേക്ക് ആകർഷിച്ച ഘടകങ്ങൾ. മൈലാപ്പൂരിലേക്ക് പോകുമ്പോൾ അറുപത് വയസ്സ് കഴിഞ്ഞിരുന്നുവെന്നും കാട്ടുപാതകളിലൂടെയായിരുന്നു യാത്രയെന്നും ഈ സഞ്ചാരത്തിൽ അദ്ദേഹം നിരവധി അത്ഭുതങ്ങൾ പ്രവർത്തിച്ചുവെന്നും തോമായുടെ നടപടികളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

www.malankaralibrary.com


**11.1. മൈലാപ്പൂരിലെ പ്രവർത്തനം:** ചന്ദ്രഗിരിയിലെ അന്നത്തെ രാജാവ് പാർത്ഥ്യരാജവംശത്തിൽപ്പെട്ട മസ്ദാ (മഹാദേവ) ആയിരുന്നു. ശ്ലീഹ രാജകുടുംബത്തിലുള്ളവർക്കും മറ്റനേകം പേർക്കും രോഗശാന്തി നൽകി. രോഗബാധിതയായ രാജകുമാരിക്ക് അത്ഭുതകരമായ സൗഖ്യം നൽകി. തുറമുഖത്ത് ഒഴുകിയെത്തിയ, തുറമുഖത്തിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സമായ ഒരു വലിയ തടി തോമാശ്ലീഹാ അത്ഭുതകരമായി നീക്കം ചെയ്തു. അങ്ങനെ രാജാവിനും ജനങ്ങൾക്കും പ്രിയങ്കരനായിത്തീർന്ന ശ്ലീഹാ അവിടെ ക്രിസ്തുമതം സ്ഥാപിച്ചു. രാജകുടുംബമൊന്നാകെ ക്രിസ്തുമതം സ്വീകരിച്ചു. ധാരാളം പ്രജകളും രാജാവിനെ അനുകരിച്ചു. ഇതിൽ കുപിതരായ യാഥാസ്ഥിതികരായ ബ്രാഹ്മണർ അവസരം പാർത്തിരിക്കുകയും സൗകര്യം ലഭിച്ചപ്പോൾ തോമാ ശ്ലീഹായെ കൊലപ്പെടുത്തുകയും ചെയ്തു.

## 12. വിശുദ്ധന്റെ രക്തസാക്ഷിത്വം

വിശുദ്ധന്റെ രക്തസാക്ഷിത്വവിവരണം നൽകുന്നതിൽ ചെറിയ ചെറിയ വ്യത്യാസങ്ങളുണ്ട്. മൈലാപ്പൂരിലെ ബ്രാഹ്മണ പുരോഹിതർ തോമാശ്ലീഹായെ വലിയ ശത്രുവായി കണ്ടു. തങ്ങളുടെ മതം നശിപ്പിക്കാൻ വന്ന ദ്രോഹിയായിട്ടാണ് അവർ വിശുദ്ധനെ കണ്ടത്. അവസരം കിട്ടിയപ്പോൾ പ്രാർത്ഥിച്ചുക്കൊണ്ടിരുന്ന തോമായെ അവർ കുന്തം കൊണ്ട് കുത്തുകയും ഗുരുതരമായി പരിക്കേറ്റ ക്രിസ്തുശിഷ്യൻ ഇഴഞ്ഞുനീങ്ങി മലയിൽ ഉയർത്തിയ കൽക്കുരിശിൽ കെട്ടിപ്പിടിച്ച് പ്രാർത്ഥിക്കുകയും മരിക്കുകയും ചെയ്തു എന്നതാണ് മിക്ക വിവരണങ്ങളിലും കാണുന്നത്.

1533-ൽ കൽദായ ചരിത്രകാരനായ ആബൂനായുടെ വിവരണമനുസരിച്ച് ബ്രാഹ്മണന്മാരുടെ നിർദ്ദേശമനുസരിച്ച് ഒരു കീഴ്ജാതിക്കാരനിൽ നിന്നും കുന്തം കൊണ്ടുള്ള കുത്തേറ്റു എന്നതാണ്. ചരിത്ര ഗവേഷകനായ ഫാ. ദിയനിസീയോയുടെ വിവരണമനുസരിച്ച് വിശുദ്ധൻ കുന്നിൻ മുകളിൽ പ്രാർത്ഥനാ നിരതമായിരിക്കുമ്പോൾ ആരോ കുന്തം കൊണ്ട് കുത്തുകയും തോമാശ്ലീഹാ അവിടെ ഉയർത്തിയിരുന്ന കൽക്കുരിശിൽ

www.malankaralibrary.com


കെട്ടിപ്പിടിച്ച് മരിക്കുകയും ചെയ്തു. വളരെ ചെറിയ വ്യത്യാസങ്ങൾ വിവരണങ്ങളിൽ കാണാമെങ്കിലും വി. തോമാശ്ലീഹാ മൈലാപ്പൂരിൽ ശത്രുക്കളുടെ കുത്തേറ്റു മരിച്ചുവെന്ന് എല്ലാ ചരിത്ര വിവരണങ്ങളും ഊന്നിപ്പറയുന്നു.

## 13. മൈലാപ്പൂരിലെ കബറിടത്തെക്കുറിച്ചുള്ള ചരിത്ര രേഖകൾ

ക്രിസ്തുശിഷ്യനായ തോമാശ്ലീഹായുടെ ഭൗതികശരീരം അദ്ദേഹം മരണമടഞ്ഞ മൈലാപ്പൂരിൽ തന്നെ അടക്കം ചെയ്തു. ക്രിസ്തുവർഷത്തിന്റെ ആദ്യശതകം മുതൽതന്നെ സ്വദേശികളും വിദേശികളും മാർത്തോമായുടെ ശവകുടീരം സന്ദർശിക്കാനായി മൈലാപ്പൂരിലേക്ക് തീർത്ഥാടനയാത്രകൾ നടത്തിയിരുന്നതായി സൂചനകളുണ്ട്. താഴെപ്പറയുന്നവ അതിൽ ചിലതാണ്.

*ഏ.ഡി. ആറാം നൂറ്റാണ്ടിൽ സിറിയാ സ്വദേശിയായ തെയദോർ എന്ന സന്യാസി മൈലാപ്പൂരിലെത്തി തോമാശ്ലീഹായുടെ ശവകുടീരം വണങ്ങുകയുണ്ടായി. അദ്ദേഹം നൽകിയ വിവരം ആധാരമാക്കി ടൂർസിലെ മെത്രാനായ വി. ഗ്രിഗറി ഇന്ത്യയിലെ വി. തോമാശ്ലീഹായുടെ ആശ്രമത്തെക്കുറിച്ച് തന്റെ കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

*ഏ.ഡി. 883-ലെ 'ആംഗ്ലോസാക്സൻ' ക്രോണിക്കിളിൽ ഇംഗ്ലണ്ടിലെ ആൽഫ്രഡ് രാജാവ്, വി. തോമാശ്ലീഹായുടെ കബറിട ത്തിങ്കൽ സമർപ്പിക്കുന്നതിന് അനവധി കാഴ്ചവസ്തുക്കൾ അയച്ചു കൊടുത്തുവെന്ന് പറയപ്പെടുന്നു.

*ഒൻപതാം നൂറ്റാണ്ടിൽ സുലൈമാൻ എന്നൊരു മുസ്ലീം വ്യാപാരി ഇന്ത്യയിലെത്തുകയും മൈലാപ്പൂരിലെ വി. തോമാശ്ലീഹായുടെ കബറിടം സന്ദർശിക്കുകയും അതിന് 'മാർത്തോമായുടെ ഭവനം' എന്ന് പേരു വിളിക്കുകയും ചെയ്തു.

*1292-ൽ മാർക്കോ പോളോ എന്ന വെനീഷ്യൻ സഞ്ചാരി മൈലാപ്പൂരിലെ കബറിടം സന്ദർശിക്കുകയും ക്രിസ്ത്യാനികളും മുഹമ്മദ്ദീയരും അവിടെ ചെയ്യുന്ന ഭക്തകൃത്യങ്ങൾ കാണുകയും ചെയ്തു. അവിടെ നടക്കുന്ന അത്ഭുതങ്ങളെപ്പറ്റിയും കബറിടത്തിൽ നിന്നെടുക്കുന്ന മണ്ണ് കലക്കി രോഗികൾക്ക് കൊടുക്കുന്നതിനെ

www.malankaralibrary.com


പ്പറ്റിയും അദ്ദേഹം യാത്രാവിവരണത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

*നിക്കോളോ ദെകാന്തി എന്ന ഇറ്റാലിയൻ വ്യാപാരി മൈലാപ്പൂർ സന്ദർശിക്കുകയും അവിടെ മനോഹരമായ ഒരു ദേവാലയത്തിൽ തോമാശ്ലീഹായുടെ പൂജ്യശരീരം ബഹുമാനപൂർവ്വം സംസ്കരിക്കപ്പെട്ടിരിക്കുന്നതായി കണ്ടുവെന്നത് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ഇവ കൂടാതെ, മറ്റൊരു പ്രധാന തെളിവുകൂടിയുണ്ട്. വി. തോമാശ്ലീഹായുടേത് എന്ന് പറയപ്പെടുന്ന മൈലാപ്പൂർ കബറിടം പണിയുവാൻ ഉപയോഗിച്ച കല്ലുകളാണവ. ഭാരതത്തിലെ പുരാവസ്തു ഗവേഷകന്മാർ മൈലാപ്പൂരിൽനിന്നും 150 കി. മീ. അകലെയുള്ള പോണ്ടിച്ചേരിയിലെ അരിക്കമേട് ഒരു കച്ചവടകേന്ദ്രം 1945-ൽ ഖനനം ചെയ്ത് കണ്ടുപിടിക്കുകയുണ്ടായി. ഒന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പണിയാൻ തുടങ്ങിയ കച്ചവടകേന്ദ്രം രണ്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെയാണ് പൂർത്തിയാക്കിയത്. അരിക്കമേടിലെ ഏറ്റവും പഴക്കമുള്ള ഇഷ്ടികയുടെ അളവും (18X5, 2,9 ഇഞ്ച്), മൈലാപ്പൂർ ശവകുടീരത്തിലെ ഇഷ്ടികയുടെ അളവും ഒന്നുതന്നെ. രണ്ടാം നൂറ്റാണ്ടിൽ ഉപയോഗിച്ചിരുന്ന ഇഷ്ടികക്ക് ഇത്ര വലിപ്പമില്ല. ഇതിൽ നിന്നും ശവകുടീരം ഒന്നാം നൂറ്റാണ്ടിൽ തന്നെ പണിയപ്പെട്ടതാണെന്ന നിഗമനത്തിൽ നാം എത്തിച്ചേരുന്നു.

## 14. മാർത്തോമ്മ സ്ലീവാ

1547 മാർച്ച് 23-ന് ഗവേഷകനായ പോർച്ചുഗീസുകാരൻ ഫാ. കോസ്മകോസ്റ്റയാണ് മാർത്തോമാ കുരിശ് കണ്ടെടുക്കുന്നത്. നൂറ്റാണ്ടുകൾ പഴക്കമുള്ള കൽക്കുരിശ് തോമായുടെ കബറിടത്തിൽ നിന്നാണ് നമുക്ക് ലഭിച്ചിരിക്കുന്നത്. മൈലാപ്പൂരിൽനിന്നും കുരിശ് കണ്ടെടുത്തപ്പോൾ ചില അസാധാരണ സംഭവങ്ങളുമുണ്ടായി. കുരിശിന്റെ ഒരു വശത്ത് കട്ടിയായ രക്തത്തുള്ളികൾ പോലെ എന്തോ കാണുകയും അവർ അത് ചുരണ്ടി കളയാൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ ചുരണ്ടി കളയാൻ ശ്രമിക്കുന്തോറും പുതിയ രക്തത്തുള്ളികൾ കാണപ്പെട്ടു. തന്മൂലം പോർച്ചുഗീസുകാർക്ക് ഈ

www.malankaralibrary.com


കുരിശിനോട് വലിയ ഭക്തി തോന്നി. ആ കുരിശ് അവർ പുതിയ പള്ളിയിൽ സ്ഥാപിച്ചു. 1553-ൽ ഈ കുരിശ് രക്തത്തുള്ളികളാൽ അഭിഷേകം ചെയ്യപ്പെട്ട രീതിയിൽ കാണപ്പെട്ടു. ഈ പ്രതിഭാസം മൂലം പിന്നീടുള്ള എഴുത്തുകാരെല്ലാം തന്നെ വിശുദ്ധൻ ഈ കുരിശിൽ കെട്ടിപ്പിടിച്ചാണ് മരിച്ചതെന്നും അതിന്റെ തെളിവാണ് ഈ അത്ഭുതമെന്നും പറഞ്ഞു പോരുന്നു.

തോമാശ്ലീഹായുടെ കബറിടത്തിൽ സ്ഥാപിക്കപ്പെട്ട ഈ കുരിശ് കുറെ കൊല്ലത്തേക്ക് തുടർച്ചയായി ഡിസംബർ 18-ാം തീയതി വെള്ളം വിയർക്കാൻ തുടങ്ങി. ധാരാളമാളുകൾ ഇതിന് സാക്ഷികളായിരുന്നു. 1858 ഡിസംബർ 18-ാം തീയതി (കന്യകാമാതാവിന്റെ പ്രതീക്ഷയുടെ തിരുനാൾ ദിനം) കുർബ്ബാന മദ്ധ്യേ കല്ലിന്റെ നിറം മാറുകയും സ്വേദകണങ്ങൾ പോലെ ജലം ഇറ്റുവീഴുകയും ചെയ്തു. മണിക്കൂറുകൾ ഈ പ്രതിഭാസം തുടരുകയും പിന്നീട് അത് സ്വാഭാവിക നിറം പ്രാപിക്കുകയും ചെയ്തു. ഈ ഓർമ്മ നിലനിറുത്തുവാൻ സീറോ മലബാർ സഭ ഡിസംബർ 18-ാം തീയതി അത്ഭുതസ്ലീവായുടെ തിരുനാളാഘോഷിക്കുന്നു. പണ്ടുകാലം മുതലേ കേരളത്തിലെ കത്തോലിക്കർക്ക് ഈ കുരിശിനോട് ഭക്തിയുണ്ടായിരുന്നുവെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

ഇന്ന് മാർത്തോമ്മാ നസ്രാണികളുടെ മുഖമുദ്രയായി മാറിയ മാർത്തോമ്മ സ്ലീവായിൽ ഒളിഞ്ഞിരിക്കുന്ന വലിയ രഹസ്യങ്ങൾക്ക് ദൈവശാസ്ത്രജ്ഞന്മാർ അർത്ഥം നൽകുന്നു. സ്ലീവായിൽ കാണുന്ന മൂന്നു പടികൾ ഗാഗുൽത്താമലയിലേക്കുള്ള പടികളായും, പടികൾക്ക് മുകളിൽ കാണുന്ന ഇലകൾ പറുദീസായിലെ ജീവ വൃക്ഷത്തിന്റെ ദളങ്ങളായും, ക്രൂശിതനില്ലാത്ത സ്ലീവ ഉയിർത്തെഴുന്നേറ്റ കർത്താവു തന്നെയായും ഈ കുരിശ് വെളിപ്പെടുത്തുന്നു. കുരിശിന് മുകളിൽ കാണുന്ന പ്രാവിന്റെ രൂപം പരിശുദ്ധാത്മാവിനെയും സൂചിപ്പിക്കുന്നു.

## 15. തോമാശ്ലീഹായുടെ തിരുശേഷിപ്പ് എദേസയിലേക്ക്

ഭാരതമെന്നപോലെ എദേസയിലെ സഭയും തങ്ങളുടെ

www.malankaralibrary.com



വിശ്വാസത്തിന്റെ പിതാവായി വി. തോമാശ്ലീഹായെ പരിഗണിക്കുന്നു. വി. തോമാശ്ലീഹായുടെ ശിഷ്യനായ മാർ അദ്ദായി ആണ് ഇവിടെ ക്രൈസ്തവ വിശ്വാസത്തിന് വിത്ത് പാകിയത്. അതിനാൽ തന്നെ ജനങ്ങൾക്ക് തോമാശ്ലീഹാ അജ്ഞാതനായിരുന്നില്ല. മാർ അദ്ദായി സിറിയായിലെ രാജാവിന് അത്ഭുതകരമായ രോഗശാന്തി നല്കിയതുമൂലം കത്തോലിക്കാ വിശ്വാസം പ്രചരിപ്പിക്കുന്നതിന് അനുകൂലമായ സാഹചര്യമാണുണ്ടായത്.

മൈലാപ്പൂരിലെ തോമാശ്ലീഹായുടെ കബറിടം സന്ദർശിക്കുന്നതിനു എദേസയിൽനിന്നും ധാരാളം തീർത്ഥാടകർ എത്തിയിരുന്നു. അങ്ങനെ മൈലാപ്പൂരിലുള്ള തോമാശ്ലീഹായുടെ തിരുശേഷിപ്പ് സിറിയയിലെ എദേസയിലേക്ക് കൊണ്ടുപോയി. ആര്, എപ്പോൾ കൊണ്ടുപോയി എന്നത് വ്യക്തമല്ല. തിരുശേഷിപ്പ് കൊണ്ടുപോയെങ്കിലും മൈലാപ്പൂരിലുള്ള വണക്കം തുടരുകയും ചെയ്തു.

തോമായുടെ നടപടികൾ എന്ന ഗ്രന്ഥമനുസരിച്ച് ക്രിസ്തുവർഷം ഇരുന്നൂറിനുമുമ്പ് ശ്ലീഹായുടെ ഭൗതികാവശിഷ്ടം പാശ്ചാത്യനാട്ടിലേക്ക് കൊണ്ടുപോയിരിക്കണം. അദ്ദേഹം രക്തസാക്ഷിയായിരുന്ന സ്ഥലത്തെ ഭരണാധികാരിയായിരുന്ന മസ്ദായുടെ രോഗം പിടിപ്പെട്ട മകനെ വിശുദ്ധന്റെ തിരുശേഷിപ്പു കൊണ്ട് സുഖപ്പെടുത്താൻ വേണ്ടി രാജാവ് കല്ലറ തുറപ്പിച്ചു. പക്ഷേ ഭൗതികാവശിഷ്ടം അവിടെയുണ്ടായിരുന്നില്ല. സഹോദരന്മാരിൽ ഒരാൾ അവ രഹസ്യമായി എടുത്ത് പാശ്ചാത്യനാട്ടിലേക്ക് കൊണ്ടുപോയി എന്നതാണ് പ്രസ്തുത ഗ്രന്ഥം പറയുന്നത്.

ടൂർസിലെ വിശുദ്ധ ഗ്രിഗറി 'രക്തസാക്ഷിത്വത്തിന്റെ മഹത്വം' എന്ന തന്റെ ഗ്രന്ഥത്തിൽ, മൈലാപ്പൂരിലെ വിശുദ്ധ തോമാശ്ലീഹായുടെ തിരുശേഷിപ്പ് എദേസയിലേക്ക് കൊണ്ടുപോയതായി രേഖപ്പെടുത്തിയിരിക്കുന്നു. റൈറ്റ് എഡിറ്റ് ചെയ്തിരിക്കുന്ന സിറിയൻ ഭാഷയിലുള്ള തോമായുടെ നടപടികളിൽ തോമാശ്ലീഹാ മൈലാപ്പൂരിൽ ഏത് രാജാവിന്റെ ഭരണസമയത്താണോ മരിച്ചത് അദ്ദേഹത്തിന്റെ സമയത്തുതന്നെ ശ്ലീഹായുടെ തിരുശേഷിപ്പ് എദേസയിലേക്ക് നീക്കം ചെയ്തിരിക്കുന്നതായി രേഖപ്പെടുത്തിയിരി

www.malankaralibrary.com


ക്കുന്നു. തൃശ്ശൂർ രൂപതാദ്ധ്യക്ഷനായിരുന്ന മെഡലിക്കോടിന്റെ അഭിപ്രായത്തിൽ, മൂന്നാം നൂറ്റാണ്ടിൽ തിരുശേഷിപ്പ് എദേസയിലേക്ക് കൊണ്ടുപോയി എന്ന് വിശ്വസിക്കുന്നതാണ് കൂടുതൽ ശരി. ഈസ്റ്റ് സിറിയൻ കലണ്ടറനുസരിച്ച് ജൂലൈ 3-ന് ആണ് മൈലാപ്പൂരിൽനിന്നും തിരുശേഷിപ്പ് മാറ്റി സ്ഥാപിച്ചത്.

തിരുശേഷിപ്പ് മൈലാപ്പൂരിൽ നിന്നും എദേസയിലേക്ക് കൊണ്ടുപോയ തീയതി വ്യക്തമല്ലാത്തതുപോലെ ആരാണ് കൊണ്ടുപോയത് എന്നും വ്യക്തമല്ല. എദേസയിൽനിന്നും ധാരാളം തീർത്ഥാടകർ മൈലാപ്പൂരിലെ കബറിടം സന്ദർശിക്കാൻ എത്തിയിരുന്നു. ഈ തീർത്ഥാടകരാണ് വിശുദ്ധന്റെ തിരുശേഷിപ്പ് സ്വന്തം നാടായ എദേസയിലേക്ക് കൊണ്ടുവന്നതെന്ന് ചില എഴുത്തുകളിൽ കാണുന്നു. എന്നാൽ ചില പഴയഗ്രന്ഥ സൂചനകളനുസരിച്ച് മെത്രാനായ സോളമന്റെ നിർദ്ദേശമനുസരിച്ച് ഇന്ത്യയുമായി നിരന്തരം വ്യാപാരം നടത്തിയിരുന്ന ഒരു വ്യവസായിയാണ് ഇന്ത്യയിൽ നിന്നും തിരുശേഷിപ്പ് എദേസയിലേക്ക് വലിയ ആഘോഷമായി കൊണ്ടുവന്നത്. തിരുശേഷിപ്പിന്റെ പ്രാധാന്യം മനസ്സിലാക്കി എദേസയിലെ വിശ്വാസികൾ തിരുശേഷിപ്പ് മോഷ്ടിച്ചുകൊണ്ടു പോയി എന്ന് ശക്തമായ മറ്റൊരു പാരമ്പര്യവും നിലനിൽക്കുന്നു.

ആര് എപ്പോൾ തിരുശേഷിപ്പ് എദേസയിലേക്ക് കൊണ്ടുപോയി എന്ന് വ്യക്തമല്ലെങ്കിലും എദേസയിലെ തിരുശേഷിപ്പിന്റെ സാന്നിദ്ധ്യം ആരും നിഷേധിക്കുന്നില്ല. എദേസയിൽ എത്തിച്ചേർന്ന തിരുശേഷിപ്പ് ആദ്യം ഒരു ചെറിയ ദേവാലയത്തിലാണ് സൂക്ഷിച്ചിരുന്നത്. ഭക്തജന പ്രവാഹത്തിന്റെ ബാഹുല്യം കണക്കിലെടുത്ത് വി. തോമസിന്റെ പേരിൽ ഒരു പുതിയ ബസിലിക്കാ പണികഴിച്ച് തിരുശേഷിപ്പ് അതിലേക്ക് മാറ്റി സ്ഥാപിച്ചു. 394-ൽ സൈറത്ത് മെത്രാന്റെ കാലഘട്ടത്തിലാണ് പുതിയ ബസിലിക്കാ പണി കഴിച്ചത്. ബസിലിക്കയിൽ വെള്ളി പേടകത്തിൽ അടക്കം ചെയ്ത് സുരക്ഷിതമായി സൂക്ഷിച്ചിരുന്ന തിരുശേഷിപ്പ് വണങ്ങുവാൻ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ജനങ്ങൾ എത്തിയിരുന്നു.

www.malankaralibrary.com



12-ാം നൂറ്റാണ്ടിൽ അറബികൾ ആരബ്സിന്റെ നേതൃത്വത്തിൽ എദേസ പിടിച്ചടക്കുന്നതുവരെ തിരുശേഷിപ്പ് ഭംഗിയായി സംരക്ഷിക്കപ്പെട്ടു. കുറഞ്ഞ സമയത്തിനുള്ളിൽ കുരിശു യുദ്ധത്തിൽ എദേസ വീണ്ടെടുത്തതുകൊണ്ട് തിരുശേഷിപ്പിന് ഭീഷണിയുണ്ടായില്ല. പിന്നീട് മുസൂളിന്റെ രാജാവായ സിങ്കളി, എദേസ ആക്രമിച്ച് കീഴടക്കി. ആ കാലഘട്ടത്തിലെ മുസ്ലീം ഭരണാധികാരികൾ ചെയ്യുന്നതുപോലെ അദ്ദേഹം ദേവാലയം നശിപ്പിച്ചില്ല. എന്നാൽ അദ്ദേഹത്തിന്റെ കാലശേഷം ഭരണമേറ്റ അദ്ദേഹത്തിന്റെ മകൻ തൊറാസിൻ എദേസായിലെ എല്ലാ ദേവാലയങ്ങളും നശിപ്പിച്ചു. അക്കൂട്ടത്തിൽ തോമാശ്ലീഹായുടെ ബസിലിക്കയും നശിപ്പിക്കപ്പെട്ടു. ഈ അവസരത്തിൽ എദേസയിലെ വിശ്വാസികൾ തിരുശേഷിപ്പ് ഏഷ്യാമൈനറിലുള്ള കിയോസ് എന്ന പട്ടണത്തിൽ കൊണ്ടുപോയി സ്ഥാപിച്ചു.

## 16. തിരുശേഷിപ്പ് ഓർത്തോണയിൽ

1258 ജൂൺ 17-ന് ടെന്റോയിലെ രാജാവിന്റെ നിർദ്ദേശമനുസരിച്ചും സഹായത്താലും കിയോസിൽ സൂക്ഷിച്ചിരുന്ന തിരുശേഷിപ്പ് കപ്പലുകളുടെ അകമ്പടിയോടെ ഇറ്റലിയിലെ ഓർത്തോണയിൽ വിശുദ്ധ തോമാശ്ലീഹായുടെ നാമത്തിൽ പുതിയതായി പണിതുയർത്തിയ ബസിലിക്കയിലേക്ക് മാറ്റി സ്ഥാപിച്ചു. 1556-ൽ തുർക്കികൾ ഈ ബസിലിക്കയും തകർത്തുവെങ്കിലും വിശ്വാസികൾ വി. തോമാശ്ലീഹായുടെ തിരുശേഷിപ്പ് കാത്തു സൂക്ഷിച്ചു. ഇന്നും വിശുദ്ധന്റെ തിരുശേഷിപ്പ് സുരക്ഷിതമായ പെട്ടകത്തിലാക്കി മാർബിൾ കൊണ്ട് കെട്ടിയുയർത്തിയിരിക്കുന്ന പ്രധാന അൾത്താരയുടെ അരികിലായി സൂക്ഷിക്കുന്നു.

## 17. തിരുശേഷിപ്പ് ഭാരതത്തിലേക്ക്

ഭാരതത്തിന് വിശ്വാസത്തിന്റെ ദീപവുമായി എത്തിച്ചേർന്ന വി. തോമാശ്ലീഹായുടെ തിരുശേഷിപ്പ് ലഭിക്കുവാൻ കേരള കത്തോലിക്കാസഭ നിരന്തരം ശ്രമിച്ചിരുന്നു. അവസാനം കേരള

www.malankaralibrary.com



കത്തോലിക്കരുടെ നിരന്തരമായ അഭ്യർത്ഥനയെ മാനിച്ച് 1953 ഡിസംബർ 6-ാം തീയതി പൗരസ്ത്യ തിരുസംഘത്തിന്റെ തലവനായിരുന്ന കാർഡിനൽ യൂജിൻ ടിസറങ് കേരളം സന്ദർശിച്ചപ്പോൾ തോമാശ്ലീഹായുടെ തിരുശേഷിപ്പ് കേരള സമൂഹത്തിന് സമ്മാനമായി കൊണ്ടുവന്നു. യേശുവിന്റെ വിലാപുറത്ത് തൊട്ട തോമാശ്ലീഹായുടെ വലതുകൈയുടെ ഒരു അസ്ഥിയാണ് കേരളത്തിലേക്ക് കൊണ്ടുവന്നത്. ആ പൂജ്യമായ തിരുശേഷിപ്പ് സ്ഥാപിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ട സ്ഥലം 1900 വർഷങ്ങൾക്കു മുമ്പ് വിശുദ്ധൻ കപ്പലിറങ്ങിയ കൊടുങ്ങല്ലൂർ തന്നെയായിരുന്നു. അങ്ങനെ വെറും 90 ദിവസം കൊണ്ട് വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ മാതൃകയിൽ പണിതുയർത്തിയ മനോഹരമായ സെന്റ് തോമസ് ബസിലിക്കയിൽ തിരുശേഷിപ്പ് സ്ഥാപിതമായി. തിരുശേഷിപ്പിന്റെ കാവൽക്കാരായി സി.എം.ഐ സഭയെ ഭരമേൽപ്പിക്കുകയും ചെയ്തു.

## 18. മാർത്തോമാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ദുക്റാന

'ദുക്റാന' എന്ന സുറിയാനി പദത്തിന്റെ അർത്ഥം ഓർമ്മയെന്നാണ്. 'ദുക്റാന' എന്ന വാക്കുകൊണ്ട് ഇന്ന് മാർത്തോമാ ക്രിസ്ത്യാനികൾ അർത്ഥമാക്കുന്നത് തോമാശ്ലീഹായുടെ ഓർമ്മയെന്നാണ്. നൂറ്റാണ്ടുകളുടെ പ്രയോഗം വഴി ഈ പദം ഇങ്ങനെ പ്രത്യേകമായ അർത്ഥം ആർജ്ജിച്ചിരിക്കുന്നു. വി. തോമാശ്ലീഹാ മരിച്ച തീയതിയെപ്പറ്റി അഭിപ്രായവ്യത്യാസമുണ്ടെന്നത് സത്യം തന്നെ. ഇന്ന് സുറിയാനി സഭകളിലും ലത്തീൻ സഭയിലും തോമാശ്ലീഹായുടെ ഓർമ്മയാചരിക്കുന്നത് ജൂലൈ മൂന്നാം തീയതിയാണ്. ആറാം പൗലോസ് പാപ്പ പൗരസ്ത്യസഭകളിലെ പാരമ്പര്യം അനുസ്മരിച്ചുകൊണ്ട് റോമാസഭയും ജൂലൈ മൂന്നാം തീയതി ഈ തിരുനാൾ ആഘോഷിക്കണമെന്ന് പ്രഖ്യാപിച്ചതോടെയാണ് ഈ തിരുനാളാഘോഷ തീയതിയിൽ ഐക്യം രൂപപ്പെട്ടത്.

തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തെ അനുസ്മരിക്കുന്ന

www.malankaralibrary.com


ജൂലൈ മൂന്നിനുള്ള ദുക്റാന കൂടാതെ, തോമാശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനം ഓർമ്മിക്കുന്ന പുതുഞ്ഞായർ, മൈലാപ്പൂരിലെ അത്ഭുത സ്ലീവാ വിയർത്തതിനെ ഓർമ്മിക്കുന്ന ഡിസംബർ 18 എന്നീ തീയതികളും കേരളത്തിലെ സുറിയാനി നസ്രാണികൾ തങ്ങളെ വിശ്വാസത്തിൽ ജനിപ്പിച്ച പിതാവിനെ ഓർമ്മിക്കുന്ന പുണ്യദിനങ്ങളാണ്.

നമുക്ക് ചരിത്രരേഖകൾ സൂക്ഷിക്കുന്നതിൽ വീഴ്ച വന്നുവെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. കേരളത്തിലെ ആ കാലഘട്ടത്തെ സംബന്ധിച്ചിടത്തോളം ചരിത്രരേഖകൾ സൂക്ഷിച്ചുവയ്ക്കുക പ്രയാസവുമായിരുന്നു. കാരണം, രേഖകൾ എഴുതി സൂക്ഷിക്കാൻ നാം ഉപയോഗിച്ചിരുന്ന പനയോലകൾ നീണ്ടകാലം നിലനിൽക്കുന്നതായിരുന്നില്ല. കേരളത്തിൽ നീണ്ടുനിൽക്കുന്ന മൺസൂണും, ശീതോഷ്ണ കാലാവസ്ഥയും രേഖകൾ സൂക്ഷിക്കാൻ പറ്റിയതുമല്ലായിരുന്നു. മാത്രമല്ല, ചേരം കേരളമായി മാറിയപ്പോൾ അന്നുവരെ ഉപയോഗിച്ചിരുന്ന തമിഴ് ഭാഷയ്ക്ക് പകരം മലയാള ഭാഷ നിലവിൽ വന്നു. തന്മൂലം ചരിത്ര രേഖകൾ പലതും നഷ്ടപ്പെട്ടു. അങ്ങനെ ചരിത്രരേഖകൾ പലതും നഷ്ടപ്പെട്ടിട്ടുണ്ടെങ്കിലും നമ്മുടെ പൈതൃകവും, പാരമ്പര്യങ്ങളും, കലകളും, വിദേശ എഴുത്തുകാരുടെ വിവരണങ്ങളുമെല്ലാം തോമാശ്ലീഹാ ഭാരതത്തിന് പകർന്നു തന്ന മഹത്തായ പാരമ്പര്യത്തെ കാണിച്ചു തരുന്നു. ആ പാരമ്പര്യത്തെക്കുറിച്ചുള്ള അറിവാകട്ടെ, വിശ്വാസ തീക്ഷ്ണതയിൽ മുന്നേറാൻ സഹായകരവുമാണ്.



[illegible] OFMConv.

# ഭാരതത്തിന്റെ അപ്പസ്തോലൻ

മിശിഹായുടെ ഊർജ്ജസ്വലനായ ശിഷ്യൻ എന്നാണ് തോമാശ്ലീഹാ ചരിത്രത്തിൽ അറിയപ്പെടുന്നത്. വിശ്വാസത്തിന്റെ വചനം വി.തോമസ് അനേക സ്ഥലങ്ങളിൽ പകർന്നു കൊടുത്തു. കൽദായ സഭ, സെലൂഷ്യ ടെസിഫോൺ സഭ, പേർഷ്യൻ സഭ, ഇന്ത്യയിലെ മാർത്തോമ്മാ നസ്രാണികളുടെ സഭ തുടങ്ങിയവയെല്ലാം തോമായുടെ പൈതൃകം പൊതുവായി അവകാശപ്പെടുന്നവരാണ്. നമുക്ക് വിശ്വാസം പകർന്നു നൽകുവാൻ സ്വജീവിതം ബലികഴിച്ച വിശുദ്ധ തോമാശ്ലീഹായുടെ ത്യാഗോജ്ജ്വലമായ ജീവിതത്തെ കുറിച്ചുള്ള [illegible] വിശ്വാസജീവിതത്തിൽ മുന്നേറാൻ നമുക്ക് പ്രചോദനമാണ്.

